
അവിശ്വാസികളുടെ
ആഘോഷങ്ങളും
മുസ്ലീങ്ങളും

അവിശ്വാസികളുടെ ആഘോഷങ്ങളും മുസ്ലിങ്ങളും

പരമദയാലുവും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമത്തിൽ......

നിശ്ചയമായും സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു. ഞങ്ങൾ അവനോടു മാത്രം സഹായവും പാപമോചനവും ചോദിക്കുന്നു. അവനിലാണ് ഞങ്ങൾ അഭയം തേടുന്നത്, അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരും ഇല്ലെന്നും മുഹമ്മദ്(SW) അവന്റെ ദൂതനാണ് എന്നും ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. സത്യമതവും സന്മാർഗവുമായി തന്റെ ദൂതനെ അയച്ചത് അല്ലാഹുവാണ്. ശുദ്ധവും വ്യക്തവുമായ മാർഗത്തിൽ ഈ ഉമ്മതിനെ വിട്ടേച്ചു കൊണ്ടാണ് റസൂൽ വഫാത്തായത്. അതിനാൽ നശിക്കപ്പെട്ടവനല്ലാതെ ഈ ദീനിൽ നിന്ന് വ്യതിചലിക്കുകയില്ല...!

ഉമ്മത്തിനാവശ്യമായ എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ റസൂൽ നമുക്ക് വഴികാണിച്ചു തന്നിരിക്കുന്നു. മഹാനായ സ്വഹാബി അബൂദറ് (R) പറയുന്നു :

" ആകാശത്തിലൂടെ ചിറകു വിടർത്തി പറക്കുന്ന
ഒരു പക്ഷിയുടെ
കാര്യത്തിലാണെങ്കിൽ പോലും എന്തെങ്കിലും
അറിവ് പകർന്നു നൽകാതെ
അല്ലാഹുവിന്റെ റസൂൽ ഉപേക്ഷിച്ചിട്ടില്ല "
[Musnad Ahmad 21439]

മുശ്രിക്കുകളിൽ പെട്ട ഒരു വ്യക്തി
സൽമാൻ അൽ ഫാരിസി(R) യോട് ഒരിക്കൽ ചോദിച്ചു :
"നിങ്ങളുടെ പ്രവാചകൻ നിങ്ങളെ വിസർജ്യസ്ഥലത്തെ മര്യാദകൾ
പോലും പഠിപ്പിക്കുകയാണല്ലോ?"
സൽമാൻ മറുപടി പറഞ്ഞു : അതേ.
മലമൂത്ര വിസർജനം നടത്തുമ്പോൾ ഖിബ്ലയിലേക്ക് മുന്നിടുന്നതും
എല്ലുകളിലും മൃഗകാഷ്ടങ്ങളിലും വിസർജിക്കുന്നതും

അദ്ദേഹം ഞങ്ങൾക്ക് വിലക്കിയിരിക്കുന്നു.
3 കല്ലുകളിൽ താഴെ മാത്രം എടുത്തു വൃത്തിയാക്കാനും
, ഇടതു കൈ കൊണ്ട് മാത്രം വൃത്തിയാക്കാനും അദ്ദേഹം ഞങ്ങളോട് കല്പിക്കുന്നു ".
[Muslim 2:505]

ഈ ദീനിന്റെ അടിസ്ഥാനങ്ങളെ കുറിച്ചും അതിന്റെ ശാഖകളെ കുറിച്ചും അല്ലാഹു ഖുർആനിൽ വ്യക്തമാക്കിയിരിക്കുന്നു. തൗഹീദിന്റെ എല്ലാ ഇനങ്ങളെക്കുറിച്ചും യഥാർത്ഥ അഖീദയെ കുറിച്ചും അല്ലാഹു വിശദീകരിച്ചിരിക്കുന്നു. ആളുകൾ ഒത്തു ചേരുമ്പോൾ കാണിക്കേണ്ട മര്യാദകളെ കുറിച്ചും അന്യരുടെ വീടുകളിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് എത്ര തവണ അനുവാദം ചോദിക്കണം എന്നതിനെ കുറിച്ചു പോലും അല്ലാഹു സംസാരിക്കുന്നു. ഖുർആൻ പറയുന്നു :

" ഭൂമിയിലുള്ള ഏതൊരു ജന്തുവും, രണ്ട് ചിറകുകൾ കൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലെയുള്ള ചില സമൂഹങ്ങൾ മാത്രമാകുന്നു.
ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല. പിന്നീട് തങ്ങളുടെ രക്ഷിതാവിങ്കലേക്ക് അവർ ഒരുമിച്ചുകൂട്ടപ്പെടുന്നതാണ്. [Quran 6:38] "

എന്നാൽ ഇന്ന് മുസ്ലിങ്ങളെയും മുസ്ലിം നാടുകളെയും ഗ്രസിച്ചു കൊണ്ടിരിക്കുന്ന വമ്പിച്ച വിപത്താണ് അവിശ്വാസികളുടെ ആഘോഷങ്ങളെയും ആഘോഷ ദിവസങ്ങളെയും ഏറ്റെടുക്കാനും ആഘോഷിക്കാനും മുട്ടിനിൽക്കുന്ന മുസ്ലിം ഉമ്മത്തിന്റെ മതപരമായ വ്യതിചലനം. ഇത് അവരിലെ പഴയതലമുറയ്ക്ക് ഒരു പാരമ്പര്യവും പുതുതലമുറയിൽ ഒരു ട്രെൻഡുമായി മാറിയിരിക്കുന്നു. ഈ ആഘോഷങ്ങളെ എതിർക്കുകയും വിട്ടു നിൽക്കുകയും ചെയ്യുന്നവർ അവരുടെ കണ്ണിൽ വർഗീയവാദിയും മതമൗലികവാദിയും പിന്തിരിപ്പനുമൊക്കെയായി തീരുന്നു.

ഇത്തരക്കാരോട് അല്ലാഹു ചോദിക്കുന്നു :

അല്ല, മുഖം നിലത്തുകുത്തി നടക്കുന്നവനോ നേർവഴി പ്രാപിച്ചവൻ?
അതല്ല, സത്യപാതയിലൂടെ നിവർന്ന് നടക്കുന്നവനോ? [Quran 67 :22]

ഇസ്ലാമിന്റെ സുപ്രധാന വശങ്ങളിൽ നിന്ന് വ്യതിചലിക്കുന്ന മുസ്ലിം "പൊതുജനങ്ങളെ "ക്കാൾ നമ്മെ ദുഖിപ്പിക്കുന്നത് ഇത്തരം വ്യതിയാനങ്ങൾക്ക് ന്യായം ചമക്കുകയും തെറ്റായ പാതയിലേക്ക് അവരെ വഴി നടത്തുകയും ചെയ്യുന്ന അവരുടെ വിവരംകെട്ട നേതാക്കളാണ്.

" പണ്ഡിതന്മാർ " എന്ന് വിളിക്കപ്പെടുന്ന ഈ ജാഹിലുകൾ നൽകുന്ന ഫത്വകൾ പിശാച് എക്കാലത്തും ആഗ്രഹിക്കുന്നതും ദുർബോധനം ചെയ്യുന്നതുമായ കാര്യങ്ങളാണ്. ഈ പണ്ഡിതരുടെ നാവുകളിലൂടെ അവ പുറത്തേക്ക് ഒഴുകുന്നു. അങ്ങനെ മുസ്ലിങ്ങൾക്ക് വിജയവും ഉയർച്ചയും നൽകേണ്ട വെളിപാടുകൾ പിന്നിലേക്ക് തള്ളപ്പെടുകയും ഇവർ പുറത്ത് വിടുന്ന വ്യതിയാന ചിന്തകൾ മുസ്ലിങ്ങളെ നിന്ദ്യതയിലേക്കും തകർച്ചയിലേക്കും നയിക്കുകയും ചെയ്യുന്നു.

മുസ്ലിങ്ങൾക്ക് വിജയത്തിന്റെ വെളിച്ചം കാണണമെങ്കിൽ അവർ ഒന്നാമതായി ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുകയും അല്ലാഹുവും അവന്റെ റസൂലും അംഗീകരിച്ചതും സഹാബത്തും മുൻഗാമികളായ സലഫുകളും മനസ്സിലാക്കിയതുമായ രീതിയിൽ അവ അനുധാവനം ചെയ്യുകയും ചെയ്യട്ടെ. ആരെങ്കിലും ദീനിന്റെ പേരിൽ എന്തെങ്കിലും പരാമർശിക്കുമ്പോഴേക്കും അതിനെ പിന്തുടരുന്ന വിവരമില്ലാത്ത അന്ധരായ അനുയായികളാകാതെ അവരോടു തെളിവുകൾ അന്വേഷിക്കുകയും ആ തെളിവുകൾ ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ അവയെ പിൻപറ്റാനും ശ്രമിക്കട്ടെ...

നമ്മൾ ഇവിടെ സമർപ്പിക്കുന്ന തെളിവുകൾ ഖുർആന്റെയും സുന്നത്തിന്റെയും വ്യക്തമായ വെളിച്ചത്തിലും ഉത്തമ തലമുറയിലെ സലഫുകൾ അവ എങ്ങനെ മനസ്സിലാക്കി എന്നതിനെ അടിസ്ഥാനമാക്കിയുമാണ്. അതിനാൽ ഇവയെ വഴികാട്ടുന്ന മാർഗമായി വിശ്വസിക്കുന്ന ആർക്കും കുഫ്ഫാറുകളുടെ ആഘോഷങ്ങളിൽ പങ്ക് ചേരൽ വ്യക്തമായ ഹറാം ആണെന്നും അവയ്ക്ക് അല്ലാഹുവിന്റെയോ റസൂലിന്റെയോ സഹാബത്തിന്റെയോ പിൻബലമില്ലെന്നും ബോധ്യമാകുന്നതാണ്.. ഇൻഷാ അല്ലാഹ്... !

• അവിശ്വാസികളുടെ ആഘോഷദിനങ്ങൾ ആഘോഷിക്കുന്നത് ഹറാം ആണെന്നതിനുള്ള പൊതുവായ തെളിവുകൾ :

A. അവിശ്വാസികളുടെ (കുഫ്ഫാറുകളുടെ) ആഘോഷദിനങ്ങൾ ആഘോഷിക്കൽ ബിദ്അത്താണ്. ഇത്തരം ആഘോഷങ്ങൾക്ക് ഇസ്ലാമിലോ സഹാബികളുടെയോ സലഫുകളുടെയോ ജീവിതത്തിലോ മാതൃകയില്ല. അതിനാൽ തന്നെ ഇസ്ലാമിൽ സ്ഥിരപ്പെടാത്ത ഒന്നിനെയും ഫോളോ ചെയ്യരുത്. അത് അല്ലാഹുവിന്റെ ശിക്ഷയിലേക്കാണ് നയിക്കുക. ഇബാദത്തിന്റെ (ആരാധനയുടെ) വിഷയങ്ങളിൽ പ്രത്യേകിച്ചും.

ഒരുവന്റെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങൾ ഇസ്ലാമിൽ, മുൻകർ (തിന്മ), മുബാഹ് (അനുവദിനീയമായവ) ഹറാം (നിഷിദ്ധം), മുസ്തഹബ്ബ് (പ്രോത്സാഹിപ്പിക്കപ്പെട്ടവ) വാജിബ് (നിർബന്ധമായവ) എന്നീ വ്യത്യസ്ത വിഭാഗങ്ങളിലായി വികേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു.

ഇസ്‌ലാം സമ്പൂർണ്ണമാണ്. നമ്മുടെ മുഴുവൻ ജീവിതവ്യവസ്ഥയും ഉരുത്തിരിയുന്നത് അല്ലാഹു പരിപൂർണ്ണമാക്കിയ ഇസ്ലാമിലാണ്. ഈ ഇസ്ലാമിലേക്ക് എന്തെങ്കിലും കൂട്ടിചേർക്കാനോ കുറക്കാനോ സാധ്യമല്ല. അല്ലാഹുവിന്റെ റസൂൽ പറയുന്നു :

" നിങ്ങളെ സ്വർഗത്തിലേക്ക് അടുപ്പിക്കുന്നതും നരകത്തിൽ നിന്ന് അകറ്റുന്നതുമായ ഒന്നിനെ കുറിച്ചും നിങ്ങളോട് വിശദീകരിക്കാതെ ഞാൻ വിട്ടിട്ടില്ല. "
[Musnad Ahmad]

B. അവിശ്വാസികളുടെ ആഘോഷങ്ങൾ ആഘോഷിക്കുന്നത് കുഫ്ഫാറുകളെ അനുകരിക്കലാണ്. കുഫാറുകളെ അനുകരിക്കുന്നത് പ്രവാചകൻ ശക്തമായി വിലക്കിയിട്ടുണ്ട്. പ്രവാചകൻ പറഞ്ഞു :

"ആരെങ്കിലും കുഫ്ഫാറുകളോട് സാദൃശ്യമായാൽ

അവനും അവരിൽ പെട്ടവൻ തന്നെ".
[Abu Dawud 4031]

C. മുസ്ലിങ്ങൾ അമുസ്ലിങ്ങളുമായി സാമ്യത വരുന്ന കാര്യങ്ങളിൽ വ്യത്യസ്തത പുലർത്താൻ കല്പിക്കപ്പെട്ടവരാണ്. അവിശ്വാസികളിൽ നിന്ന് വ്യത്യസ്തത പുലർത്തുക എന്നത് ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങളിൽ പെട്ടതാണ്.
അല്ലാഹു ശപിച്ചവരുടെ പാതകളെ പിന്തുടരുക എന്നത് ഇസ്ലാമിന്റെ ഭാഗമല്ല.

ഈ സുപ്രധാന ത്വത്വം വിവരിക്കുന്ന പാറ്റേൺ ഖുർആനിലും സുന്നത്തിലും എങ്ങനെയാണ് എന്ന് നോക്കാം :

1. ജൂതന്മാരോടൊപ്പം ഒരേ ഖിബ്‌ല പങ്കിട്ടിരുന്ന മുസ്ലിങ്ങളോട് ജൂതരിൽ നിന്ന് വ്യത്യസ്തരാകാൻ വേണ്ടി ഖിബ്‌ലയെ ബൈത്തുൽ മഖ്ദിസിൽ നിന്ന് കഅബയിലേക്ക് തിരിക്കാൻ അല്ലാഹു കല്പിക്കുന്നു [Qur'an 2:144] [Muslim 527]

2. ഇബ്നു ഉമർ നിവേദനം : പ്രവാചകൻ പറഞ്ഞു : നിങ്ങൾ നിങ്ങളുടെ താടി വളർത്തുകയും മീശ വെട്ടുകയും ചെയ്തു കൊണ്ട് ജൂത ക്രൈസ്തവരിൽ നിന്ന് വ്യത്യസ്തരാകുക. [Bukhari 5442]

3. അബൂ ഹുറൈറ നിവേദനം : പ്രവാചകൻ പറഞ്ഞു : ജൂത ക്രൈസ്തവർ അവരുടെ മുടികൾക്ക് നിറം കൊടുക്കാറില്ല. അതിനാൽ അവരിൽ നിന്ന് വ്യത്യസ്തരാകുക. (കറുപ്പല്ലാത്ത നിറം നൽകുക) [Bukhari 5448 & Muslim 3926]

4. അനസ് ഇബ്നു മാലിക് നിവേദനം : ജൂത സ്ത്രീകൾക്ക് ആർത്തവം ഉണ്ടാകുമ്പോൾ അവരുടെ പുരുഷന്മാർ സ്ത്രീകളോടൊപ്പം ഭക്ഷണം കഴിക്കുകയോ വീട്ടിൽ ഒന്നിച്ചു താമസിക്കുകയോ ചെയ്തിരുന്നില്ല. സഹാബികൾ ഈ വിഷയത്തെ സംബന്ധിച്ച് പ്രവാചകനോട് ചോദിച്ചപ്പോഴാണ് , 'ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക; അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്നു നിൽക്കേണ്ടതാണ് " (2:222)

എന്ന ആയത്ത് അവസാനം വരെ അല്ലാഹു അവതരിപ്പിക്കുന്നത്. പ്രവാചകൻ പറഞ്ഞു : "ആര്ത്തവ ഘട്ടത്തിൽ ലൈംഗിക ബന്ധം ഒഴിച്ച് മറ്റെല്ലാ ബന്ധങ്ങളും നിങ്ങൾക്ക് സ്ത്രീകളുമായി ആകാവുന്നതാണ്". ഇതറിഞ്ഞ ജൂതന്മാർ പറഞ്ഞു : നമ്മുടെ ഏതൊരു സമ്പ്രദായവും ഈ മനുഷ്യൻ ഉപേക്ഷിക്കുന്നത് നമ്മെ എതിർക്കാൻ തന്നെയാണ്. "[Muslim 302]

5. ഇബ്നു അബ്ബാസ് നിവേദനം : നബി മദീനയിലേക്ക് കടന്നുവന്ന സന്ദർഭത്തിൽ അവിടെയുള്ള ജൂതന്മാർ മുഹറം പത്ത് (ആശൂറാഅ്) നോമ്പെടുക്കുന്നതായിക്കണ്ടു. അപ്പോൾ അദ്ദേഹം ചോദിച്ചു: ഇതെന്ത് ദിവസമാണ് ? അവർ പറഞ്ഞു: "ഇതൊരു നല്ല ദിവസമാണ്. ഈ ദിവസത്തിലാണ് ബനൂ ഇസ്റാഈല്യരെ അവരുടെ ശത്രുവിൽ നിന്നും അല്ലാഹു രക്ഷപ്പെടുത്തിയത്. അപ്പോൾ റസൂൽ പറഞ്ഞു: "മൂസയെ നിങ്ങളെക്കാൾ അർഹിക്കുന്നത് ഞാനാണ്". അദ്ദേഹം ആ ദിവസം നോമ്പ് നോൽക്കുകയും മറ്റുള്ളവരോട് നോൽക്കാൻ കല്പിക്കുകയും ചെയ്തു. [Bukhari 1865].

6. ഇബ്നു അബ്ബാസ് നിവേദനം : നബി ആശൂറാഅ് ദിവസം നോമ്പ് നോൽക്കുകയും ആ ദിവസത്തിൽ നോമ്പെടുക്കാൻ കല്പിക്കുകയും ചെയ്തപ്പോൾ സ്വഹാബത്ത് പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകരെ, അത് ജൂത- ക്രൈസ്തവർ മഹത് വൽക്കരിക്കുന്ന ദിവസമല്ലേ? അപ്പോൾ റസൂൽ പറഞ്ഞു: "ഇൻ ഷാ അല്ലാഹ്, അടുത്ത വർഷം നാം (ജൂത-ക്രൈസ്തവരിൽ നിന്നും വ്യത്യസ്ഥരാകാനായി) ഒൻപതാം ദിവസം കൂടി നോമ്പെടുക്കും. [Muslim 1916].

7. അംറ് ബിൻ മൈമൂൻ നിവേദനം : ഞാൻ ഒരിക്കൽ ഇബ്നു ഉമറിനെ ജുമുഅയിൽ വെച്ച് കണ്ടു. അദ്ദേഹം പറഞ്ഞു : ജാഹിലിയ്യത്തിലെ ജനങ്ങൾ ഈ പ്രദേശം വിട്ടു പോകാറുണ്ടായിരുന്നത് സൂര്യോദയത്തിന് ശേഷമായിരുന്നു. എന്നാൽ പ്രവാചകൻ അവരിൽ നിന്ന് വ്യത്യസ്തമാകുകയും സൂര്യോദയത്തിന് മുൻപ് തന്നെ ഈ പ്രദേശം വിട്ടുപോകുകയും ചെയ്തു. [Nasaee 2996]

8. ഫജർ (സുബ്ഹി) കഴിഞ്ഞു സൂര്യോദയം വരെയും അസറിന് ശേഷം സൂര്യൻ അസ്തമിക്കുന്നത് വരെയും നിസ്കാരങ്ങൾ നടത്തരുത് എന്ന് നബി പറഞ്ഞു. കാരണം അത് സൂര്യനെ

ആരാധിക്കുന്നവരുടെ ആരാധനാ സമയങ്ങളാണ്. ആ സമയങ്ങളിൽ പിശാചിന്റെ രണ്ടു കൊമ്പുകൾക്ക് ഇടയിൽ സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു എന്ന് പ്രവാചകൻ പറഞ്ഞിട്ടുണ്ട്. [Muslim 612 & Haythami, Majmauz-Zawaid, 2/255]

മുസ്ലിങ്ങൾ അമുസ്ലിങ്ങളുമായി വ്യത്യസ്ത പുലർത്തുന്നതിന് മുഹമ്മദ് നബിക്ക് നൽകപ്പെട്ട അനേകം കല്പനകളിൽ ചിലത് മാത്രമാണ് ഇവ. അമുസ്ലിങ്ങൾക്കും മുസ്ലിങ്ങൾക്കും ഇടയിൽ പൊതുവായുള്ള എല്ലാ സമ്പ്രദായങ്ങളിൽ നിന്നും വ്യത്യസ്തരായി മുസ്ലിങ്ങൾ ഒരു സ്വതന്ത്ര ഐഡന്റിറ്റിയായി നിലനിൽക്കണം എന്നതാണ് പ്രവാചകന്റെ ലക്ഷ്യം എന്ന് സമകാലികരായ യഹൂന്മാർക്ക് പോലും വ്യക്തമായിരുന്നു. മേൽ പ്രസ്താവിച്ച ഹദീസുകളിൽ അത് കാണാം. അതിനാൽ ഇസ്ലാമിന്റെ ഈ പ്രധാന തത്വത്തെ നാം മനസ്സിലാക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

കുഫ്ഫാറുകളിൽ നിന്ന് വ്യത്യസ്തരാകാനും അവരെ അനുകരിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കാനുമുള്ള ഒരു പാറ്റേൺ ആണ് മുഹമ്മദ് നബി (SW) നടപ്പാക്കിയതെങ്കിൽ ഇന്നത്തെ വിവരം കെട്ട ജാഹിൽ നേതാക്കന്മാർ കുഫ്ഫാറുകളെ അനുകരിക്കുകയും അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്യുന്ന വൈരുദ്ധ്യാത്മകമായ ഒരു പാറ്റേൺ ആണ് അനുയായികൾക്ക് നിർമിച്ചു കൊടുക്കുന്നത്.

തീർച്ചയായും കുഫാറുകൾക്കും നമുക്കും ഇടയിൽ സാമ്യതയുള്ള പാരമ്പര്യങ്ങളും ചരിത്രങ്ങളുമുണ്ട് എന്നത് ശരിയാണ്. ചില കാര്യങ്ങൾ യാദൃശ്ചികമായി നമുക്കും അവർക്കും ഇടയിൽ പിന്തുടരപ്പെടുന്നവയുമുണ്ട്. എന്നാൽ നമ്മൾ അതല്ലാത്തവയെ അനുകരിക്കുകയോ, അനുമാനിക്കുകയോ ചെയ്യരുത്. എന്ത് കൊണ്ടെന്നാൽ അവർ പുതുതായി അവരുടെ ദീനിലേക്ക് കടത്തിയ ആചാരങ്ങളും ആശയങ്ങളുമുണ്ട്, അത്തരം പാരമ്പര്യങ്ങളും അഭിവാദ്യങ്ങളും വർത്തമാനങ്ങളും അവരുടെ ദീനിൽ ഉണ്ട്. അതിൽ നിന്നെല്ലാം നമ്മൾ വിമുക്തരാണ്.

ഇബ്നു അബ്ബാസ് നിവേദനം :
അല്ലാഹുവിന്റെ വ്യക്തമായ കല്പനയില്ലാത്ത വിഷയങ്ങളിൽ

ബഹുദൈവാരാധകരിൽ നിന്നും വ്യത്യസ്തരാകാൻ നബി വേദക്കാരെ
അനുകരിച്ചിരുന്നു. ബഹുദൈവാരാധകർ തങ്ങളുടെ നീണ്ട മുടി പകുത്തു
ഇടുകയാണ് ചെയ്തിരുന്നത്, എന്നാൽ വേദക്കാർ തങ്ങളുടെ
മുടി പകുക്കാതെ നീട്ടിയിടുകയാണ് ചെയ്തിരുന്നത്.
അതിനാൽ ആദ്യകാലങ്ങളിൽ നബി മുടി നീട്ടിയിടുകയും
പിന്നീട് പകുത്തു വെക്കുകയും ചെയ്തു
[Bukhari 5917]

നമുക്ക് നിസ്സാരമെന്ന് തോന്നുന്ന വിഷയങ്ങളിൽ പോലും പ്രവാചകൻ നമുക്ക് വ്യക്തമായ മാതൃക കാണിച്ചിരിക്കുന്നു എന്നാണ് ഈ ഹദീസുകളെല്ലാം തെളിയിക്കുന്നത്.

--------------------- |||| -------------------

- **ഖുർആനിൽ നിന്നുള്ള തെളിവുകൾ :**

[Quran 25:72]
വ്യാജത്തിന് (സൂർ) സാക്ഷി നിൽക്കാത്തവരും,
അനാവശ്യവൃത്തികൾ
നടക്കുന്നേടത്തു കൂടി പോകുകയാണെങ്കിൽ
മാന്യൻമാരായിക്കൊണ്ട് കടന്നുപോകുന്നവരുമാകുന്നു അവർ.

- ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ പറയുന്നു : മുഹമ്മദ് ബിൻ സീരീൻ റിപ്പോർട്ട് ചെയ്യുന്നു : ഈ വചനത്തിൽ "സൂർ" (വ്യാജം) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ക്രൈസ്തവരുടെ ശനീൻ എന്ന ആഘോഷത്തെയാണ്. ഈസാ നബി പലസ്തീനിൽ പ്രവേശിച്ച ദിനമാണ് അതെന്ന് അവർ അവകാശപ്പെടുന്നു. [Ikhthida al Sirat al Mustaqeem 1/427]

- ഇബ്നു അബ്ബാസ്, അബൂ ആലിയ, താവൂസ്, ഇബ്നു സീരീൻ, അൽ ദഹാക്ക്, റബീ ഇബ്നു അനസ് മുതലായ സഹാബികളിലും താബിഉകളിലും പെട്ട മുൻഗാമികളായ പണ്ഡിതന്മാർ ഈ വചനത്തിൽ "വ്യാജം"(സൂർ) എന്ന് പറഞ്ഞിരിക്കുന്നത് അവിശ്വാസികളുടെ ആഘോഷങ്ങളെ പറ്റിയാണ് എന്ന് രേഖപെടുത്തുന്നു.

- " വ്യാജത്തിന് സാക്ഷി നിൽക്കാത്തവർ" എന്നാൽ അമുസ്ലിങ്ങളുടെ ആഘോഷങ്ങളിൽ പങ്കെടുക്കാത്തവർ എന്നർത്ഥം. [Aldurarul Mansoor by Al Suyoothy 5/80] & [Tafseer Ibn Katheer 3/439]

ഈ വചനത്തിൽ പറയുന്ന "വ്യാജമെന്ന " (സൂർ) പദത്തിന് മുൻഗാമികളായ മറ്റു പണ്ഡിതന്മാർ വേറെയും അർഥങ്ങൾ നൽകിയിട്ടുണ്ട്. അത് വിഗ്രഹത്തെ കുറിച്ചാണ് എന്നും, അതല്ല, സംഗീതത്തെ പറ്റിയാണ് എന്നും അത് അല്ലാഹുവിൽ പങ്കുകാരെ

ചേർക്കുന്നത് സംബന്ധിച്ചാണ് എന്നെല്ലാം അവരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയൊന്നും ഈ വചനം അവിശ്വാസികളുടെ ആഘോഷത്തെ കുറിക്കുന്നതാണ് എന്ന പ്രസ്താവനയുമായി വൈരുധ്യമാകുന്നില്ല. ശ്രോതാക്കൾക്ക് മനസ്സിലാകുന്നതിനായി വിശാലമായ അർത്ഥമുള്ള ഒരു വാക്യത്തിന് പ്രത്യേക വിശദാംശങ്ങൾ നൽകുന്നതിന് വേണ്ടി സലഫുകൾ സ്വീകരിച്ച ഒരു മാർഗം മാത്രമാണ് അത്.

വ്യാജത്തിന് സാക്ഷ്യം വഹിക്കരുതെന്നും അതിൽ പങ്കെടുക്കരുതെന്നും ഇവിടെ അല്ലാഹു വിശ്വാസികളോട് കൽപ്പിക്കുന്നു .

അതിലേക്കു നൽകുന്ന ആശംസകളും , സമ്മാനങ്ങളും ആ സ്വഭാവമുള്ള എന്തും ഇതിൽ (വ്യാജത്തിൽ) ഉൾപ്പെടുന്നു.

------------- |||| -------------

- **ഹദീസിൽ നിന്നുള്ള തെളിവുകൾ :**

1. താബിത് ഇബ്നു ദഹാക്ക് നിവേദനം : നബിയുടെ കാലത്ത് ഒരാൾ ബുവാന എന്ന സ്ഥലത്തു വെച്ച് (മക്കയുടെ വടക്കുഭാഗത്തുള്ള യാൻബുവിന്റെ തീരത്തിനടുത്തുള്ള ഉയർന്ന പ്രദേശമാണിത്) ബലിയറുക്കാൻ നേർച്ച നേരുകയുണ്ടായി. ബുവാനയിൽ വെച്ച് ഒരു ഒട്ടകത്തെ അറുക്കാൻ താൻ നേർച്ചയാക്കിയ കാര്യം അയാൾ നബിയെ അറിയിച്ചു. നബി അപ്പോൾ സ്വഹാബികളോട് ചോദിച്ചു: `ബുവാന എന്ന പ്രദേശത്ത് ജാഹിലിയ്യാ കാലത്ത് ആരാധിക്കപ്പെട്ടിരുന്ന വല്ല ബിംബവും ഉണ്ടായിരുന്നൊ?' സ്വഹാബികൾ പറഞ്ഞു: ഇല്ല. നബി വീണ്ടും ചോദിച്ചു: `ബിംബാരാധകരുടെ വല്ല ആഘോഷവും അവിടെ വെച്ച് നടന്നിരുന്നൊ? അവർ പറഞ്ഞു: ഇല്ല. അപ്പോൾ നബി ആ വ്യക്തിയോട് പറഞ്ഞു: `നീ നിന്റെ നേർച്ച നിറവേറ്റി കൊള്ളുക. അല്ലാഹുവിനെ ധിക്കരിക്കുന്നതോ, മനുഷ്യന്റെ അധീനതയിൽപ്പെടാത്തതൊ ആയ നേർച്ചകളാണ് പാലിക്കേണ്ടതില്ലാത്തത്." [Abu Dawud 3313)

കുഫ്ഫാറുകൾ അവരുടെ ആഘോഷങ്ങൾക്കും ആചാരങ്ങൾക്കുമായി ഉപയോഗിക്കുന്നതോ ഉപയോഗിച്ചിരുന്നതോ ആയി അറിയപ്പെടുന്ന പ്രദേശങ്ങളിൽ മുസ്ലിങ്ങൾ ആചാരങ്ങളും ഒരുമിച്ചു കൂടലുകളും നടത്തുന്നത് നിഷിദ്ധമാണ് എന്ന് ഇതിൽ നിന്ന് വ്യക്തമായി തെളിയുന്നു.

" പ്രവാചകൻ ഈ ഹദീസിൽ പറയുന്നത് ശ്രദ്ധിക്കുക. " എങ്കിൽ നീ നിന്റെ നേർച്ച നിറവേറ്റി കൊള്ളുക ". അതായത് അയാളുടെ നേർച്ച നിറവേറാനുള്ള കാരണം വിഗ്രഹാരാധനയിൽ നിന്നും അവിശ്വാസികളുടെ ആഘോഷങ്ങളിൽ നിന്നും ആ പ്രദേശം മുക്തമായിരുന്നു എന്നതാണ്. അവിടെ ഇവ രണ്ടും നടത്തപെട്ടിരുന്നു എന്നായിരുന്നു സഹാബികളുടെ ഉത്തരമെങ്കിൽ പ്രവാചകൻ തീർച്ചയായും ആ വ്യക്തിയെ നേർച്ചയിൽ നിന്നും തടയുമായിരുന്നു എന്ന് വളരെ വ്യക്തമാണ്.

" അല്ലാഹുവിനെ ധിക്കരിക്കുന്ന നേർച്ചകൾ പാലിക്കേണ്ടതില്ല." എന്ന് പറഞ്ഞു കൊണ്ടാണ് പ്രവാചകന്റെ ഹദീസ് അവസാനിക്കുന്നത്. അതായത് കുഫ്ഫാറുകൾ ബലിയറുക്കാൻ ഉപയോഗിക്കുന്ന സ്ഥലം മുസ്ലിങ്ങൾക്ക് നിരോധിക്കപ്പെട്ടിരിക്കുന്നു എന്നർത്ഥം. കാരണം അത് അല്ലാഹുവിനോടുള്ള അനുസരണക്കേടാണ്. പ്രവാചകൻ പറഞ്ഞതിന്റെ അർത്ഥം ഇതല്ലെങ്കിൽ ഹദീസിന്റെ അവസാന ഭാഗം അർത്ഥശൂന്യമായിരിക്കും.

കുഫ്ഫാറുകളുടെ ആഘോഷങ്ങൾ നടത്തപ്പെടുന്ന ഒരു പ്രദേശത്ത് ഒരു മുസ്ലിമിന് ബലിയറുക്കാൻ അനുവാദം ഉണ്ടായിരുന്നു എങ്കിൽ പ്രവാചകൻ തീർച്ചയായും അദ്ദേഹത്തിന്റെ നേർച്ച പൂർത്തിയാക്കാൻ കല്പിക്കുമായിരുന്നു.
[Iqthida Sirat al Mustaqeem 1/441]

കുഫ്ഫാറുകൾ അവരുടെ ആഘോഷങ്ങൾ നടത്തുന്ന സ്ഥലങ്ങൾ മുസ്ലിങ്ങൾക്ക് നിഷിദ്ധമല്ല എന്നാരെങ്കിലും പറഞ്ഞാൽ, പ്രവാചകന്റെ ആ രണ്ടു ചോദ്യങ്ങൾ അര്ഥശൂന്യമായിരുന്നു എന്ന് പറയേണ്ടി വരും. അല്ലാഹുവിന്റെ മാർഗത്തിൽ ബലി അർപ്പിക്കുക എന്ന ആരാധനയുടെ ഏറ്റവും പ്രധാനപ്പെട്ടതും അല്ലാഹുവിനോടുള്ള അനുസരണത്തിന്റേതുമായ പ്രധാനപ്പെട്ട ഒരു കർമ്മം ഈ പ്രദേശങ്ങളിൽ അല്ലാഹുവിന്റെ റസൂൽ നിരോധിച്ചിട്ടുണ്ടെങ്കിൽ, അതിന്റെ ഒരേയൊരു കാരണം കുഫാറുകൾ അവരുടെ ആഘോഷങ്ങൾ അവിടെ നടത്തിയിരുന്നു എന്നതാണ് എന്ന് നിങ്ങൾ വ്യക്തമായി മനസ്സിലാക്കുക.

എങ്കിൽ? കുഫ്ഫാറുകളുടെ ആഘോഷങ്ങളിൽ പങ്കെടുക്കാൻ ഇസ്ലാമിൽ അനുവാദം ഉണ്ടെന്നും അത് കുഴപ്പമില്ല എന്നും നിങ്ങൾക്ക് എങ്ങനെയാണ് പറയാൻ കഴിയുക? അങ്ങനെ പങ്കെടുക്കുന്നവർ ഇസ്ലാമിനെ പിന്തുടരുന്നവരല്ല. അവർ കുഫാറുകളോടൊപ്പം കൂടി സ്വന്തത്തെ മലിനമാക്കുകയാണ് ചെയ്യുന്നത്.

പ്രവാചകൻ ചോദിക്കുന്നത് കുഫ്ഫാറുകളുടെ ആഘോഷങ്ങൾ നിലവിൽ അവിടെ നടക്കുന്നുണ്ടോ എന്ന് പോലുമല്ല, മറിച്ചു മുൻകാലങ്ങളിൽ നടന്നിരുന്നോ എന്നാണ് എന്നത് ഇവിടെ പ്രതേകം ശ്രദ്ധിക്കേണ്ട കാര്യമാണ്.

2. അനസ് ബിൻ മാലിക് നിവേദനം : നബി മദീനയിൽ വന്നപ്പോൾ, അവിടത്തുകാർ രണ്ട് ദിവസം കളിക്കുകയും ഉല്ലസിക്കുകയും ചെയ്യുമായിരുന്നു. അപ്പോൾ തിരുമേനി ചോദിച്ചു: ഏതാണ് ഈ രണ്ട് ദിവസങ്ങൾ? അവർ പറഞ്ഞു: ഞങ്ങൾ ജാഹിലിയ്യാ കാലത്ത് ഉല്ലസിച്ചിരുന്ന ദിനങ്ങളാണിത്. പ്രവാചകൻ പറഞ്ഞു: അല്ലാഹു നിങ്ങൾക്ക് ഈ രണ്ട് ദിവസങ്ങൾക്ക് പകരമായി അതിനേക്കാൾ ഏറ്റവും ഉത്തമമായ രണ്ട് ദിവസങ്ങൾ നൽകിയിരിക്കുന്നു. ഈദുൽ ഫിത്വ്റും ഈദുൽ അള്ഹയുമാണത് ." [Abu Dawoud 1134 & 1/675]

" ഇസ്‌ലാമിന് മുമ്പുള്ള ഒരു ജാഹിലീ ആഘോഷമായതിനാൽ പ്രവാചകൻ അവരെ അവരുടെ കളികൾ തുടരാൻ അനുവദിച്ചില്ല എന്ന് ഇവിടെ വളരെ വ്യക്തമാണ്.

അദ്ദേഹം അവരോടു പറഞ്ഞത്, "ഈ രണ്ട് ദിവസങ്ങൾക്ക് പകരമായി ഏറ്റവും മികച്ച രണ്ടു ദിവസങ്ങൾ അല്ലാഹു നിങ്ങൾക്ക് തന്നിട്ടുണ്ടല്ലോ "എന്നാണ്. അതായത് നിങ്ങൾ നിങ്ങളുടെ ആഘോഷങ്ങൾ ഉപേക്ഷിച്ചു അല്ലാഹു നൽകിയവയിലേക്ക് മടങ്ങണം എന്നർത്ഥം.

"ഉത്തമമായ ദിവസങ്ങൾ" എന്ന് പ്രവാചകൻ പറയുന്നത് കൊണ്ട് ഉദേശിക്കുന്നത് ഇസ്ലാമിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത മോശപ്പെട്ട ആഘോഷ ദിനങ്ങൾ ഉപേക്ഷിക്കപ്പെടേണ്ടതും ഇസ്ലാം നൽകിയ മികച്ച ആഘോഷദിനങ്ങൾ സ്വീകരിക്കപ്പെടേണ്ടതുമുണ്ടെന്നാണ്.

അമുസ്ലിം ആഘോഷ ദിവസങ്ങൾ ആഘോഷിക്കുന്നതിലൂടെ നാം പ്രവാചകന്റെ കൽപനകളെ ധിക്കരിക്കുന്നത് മാത്രമല്ല പ്രശ്നം , അല്ലാഹുവിന്റെ ആക്ഷേപത്തിനിരയായ ബനീ ഇസ്രായേൽ സമൂഹത്തിന്റെ സ്വഭാവ വൈകൃതങ്ങളെ കൂടിയാണ് നാം കടമെടുക്കുന്നത്. അവരോടു ചോദിക്കപ്പെട്ടു :

"കൂടുതൽ ഉത്തമമായത് വിട്ട് തികച്ചും താണതരത്തിലുള്ളതാണോ നിങ്ങൾ പകരം ആവശ്യപ്പെടുന്നത്? " (Quran 2:61)

മദീനക്കാരുടെ ഈ രണ്ടു ജാഹിലീ ആഘോഷ ദിവസങ്ങളും ഉപേക്ഷിക്കപ്പെടുകയും തള്ളപ്പെടുകയും ചെയ്തു. പിന്നീട് അവ ആഘോഷിക്കപ്പെട്ടില്ല. പ്രവാചകൻ അവയെ നിരോധിച്ചില്ലായിരുന്നു എങ്കിൽ അവ ഇന്നും തുടരുമായിരുന്നു.

വളരെക്കാലമായി ഹൃദയങ്ങളിൽ വേര് പിടിച്ച ശീലങ്ങളിൽ മാറ്റം വരുത്താൻ വളരെ ശക്തമായ പ്രതിരോധം ആവശ്യമാണ്. നൂറ്റാണ്ടുകളായി നേതാക്കന്മാരും രാജാക്കന്മാരും തങ്ങളുടെ ജനങ്ങളുടെ ശീലങ്ങളും പാരമ്പര്യങ്ങളും മാറ്റാൻ ശ്രമിച്ചിട്ടും അവർ വിജയിക്കാത്തത് അതുകൊണ്ടാണ്. എന്നാൽ അല്ലാഹുവിന്റെ സഹായത്താൽ പ്രവാചകൻ അത്തരം തടസ്സങ്ങളെ മറികടക്കുകയും വിജയിക്കുകയും ചെയ്തു.

മതപരമായ അടയാളങ്ങളൊന്നും ഇല്ലാത്ത കാലത്തോളം കുഫാറുകളുടെ പാരമ്പര്യങ്ങൾ ആഘോഷിക്കുന്നത് അനുവദനീയമാണെന്ന് വാദിക്കുന്നവർക്കുള്ള മറുപടി ഈ ഹദീസുകളിലുണ്ട്. .

ഹദീസ് ശ്രദ്ധിക്കുക : കുട്ടികൾ ആഘോഷദിവസത്തിൽ കളിച്ചു കൊണ്ടിരിക്കുന്നത് കണ്ടപ്പോഴാണ് ഇന്നെന്താണ് പ്രതേകതയെന്ന് പ്രവാചകൻ ചോദിക്കുന്നത്. ഞങ്ങൾ ജാഹിലിയ്യ കാലഘട്ടത്തിൽ ഉല്ലസിച്ചിരുന്ന ദിവസങ്ങളാണ് ഇത് എന്ന് അവർ മറുപടി പറയുമ്പോൾ അവിടെ മതപരമായ അടയാളങ്ങൾ എന്തെങ്കിലും ഉള്ളതായി കാണുന്നില്ല. ഈ ആഘോഷത്തോടനുബന്ധിച്ചു എന്തെങ്കിലും ആരാധനകളുള്ളതായും ഹദീസിൽ ഇല്ല. എന്നിട്ടും പ്രവാചകൻ അവരെ അതിൽ നിന്നു വിലക്കുന്നതാണ് കാണുന്നത്.

ന്യൂയർ പോലുള്ള കുഫാറുകളുടെ ആഘോഷദിവസങ്ങളെ അനുവദിനീയമാക്കുകയും ഇളവ് കൊടുക്കുകയും ചെയ്യുന്ന പണ്ഡിതന്മാരെ ഇന്ന് കാണാം. കാരണം അത്തരം ആഘോഷങ്ങൾക്ക് മതപരമായ എന്തെങ്കിലും അടയാളങ്ങൾ ഇല്ല എന്നാണ് അവർ ന്യായം പറയുന്നത്. അതിനാൽ ഈ ഹദീസ് അവർക്കുള്ള വ്യക്തമായ മറുപടിയാണ്.

3. ജാഹിലിയ്യാ കാലത്ത് അവർക്കിടയിൽ ധാരാളം ആഘോഷങ്ങൾ ഉണ്ടായിരുന്നുവെന്നും എന്നാൽ പ്രവാചകന്റെ ആഗമനത്തോടെ അവയെല്ലാം നിരോധിക്കപ്പെടുകയാണ് ഉണ്ടായത് എന്നതും പ്രവാചകന്റെ ഹദീസുകളിൽ നിന്ന് തെളിയുന്ന ഒരു പ്രധാന വസ്തുതയാണ്.

പ്രവാചകന്റെ ദൃഢനിശ്ചയവും സഹാബികളുടെ ശക്തമായ പ്രതിരോധവും ഇല്ലായിരുന്നു എങ്കിൽ ഒരു പക്ഷേ ആ ജനത ഈ പാരമ്പര്യങ്ങളും ആഘോഷങ്ങളും തുടരുമായിരുന്നു, അവരുടെ

ആഘോഷങ്ങളുടെ ഏറ്റവും ചെറിയ അടയാളങ്ങളെ പോലും ഇല്ലാതാക്കാനുള്ള പ്രവാചകന്റെ ശ്രമം ഉണ്ടായിരുന്നില്ലെങ്കിൽ, അവർ തുടർന്നും അവ ആഘോഷിക്കുമായിരുന്നു. പ്രവാചകൻ ശക്തമായി വിലക്കിയത് നിമിത്തം അവ ഹറാമാണ് എന്ന് അവർക്ക് ഇടയിൽ ബോധ്യം വന്നു.

തങ്ങളുടെ ആഘോഷദിനങ്ങളെ ആഘോഷിക്കാൻ കുഫാറുകളെ പ്രവാചകൻ അനുവദിച്ചതിനാൽ, മുസ്ലിങ്ങൾക്കും ഇത് ചെയ്യാൻ അനുവാദമുണ്ട് എന്ന് ചിലർ അവകാശപ്പെടുന്നു. മനുഷ്യരാശിക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ പാപത്തിൽ നമുക്ക് പങ്കാളികളാകാം എന്നാണ് അതിനർത്ഥം. ഈ തെറ്റായ പ്രസ്താവന ശിർക്കിലേക്ക് നയിച്ചേക്കാം...

4. ആയിഷ നിവേദനം : രണ്ടു അൻസാരി പെൺകുട്ടികൾ ബുആസ് ദിനത്തെ കുറിച്ച് (ഇസ്ലാം സ്വീകരിക്കുന്നതിന് മുൻപ് അൻസാറുകളിലെ ഔസ് ഖസ്രജ് ഗോത്രങ്ങൾ തമ്മിൽ നിലനിന്നിരുന്ന നൂറ്റാണ്ടുകളുടെ യുദ്ധമാണത്) <u>പാടിക്കൊണ്ടിരിക്കെ</u> അബൂബക്കർ എന്റെ വീട്ടിലേക്ക് കടന്നു വന്നു. അദ്ദേഹം ചോദിച്ചു : പിശാചിന്റെ സംഗീതമാണോ നിങ്ങൾ പ്രവാചകന്റെ വീടിനുള്ളിൽ കേൾപ്പിക്കുന്നത്? <u>അന്ന് മുസ്ലിങ്ങളുടെ പെരുന്നാൾ (ഈദ്) ദിനമായിരുന്നു.</u> അതിനാൽ പ്രവാചകൻ പറഞ്ഞു : അബൂബക്കർ, ഓരോ സമൂഹത്തിനും അവരുടെ ഈദ് (ആഘോഷം) ഉണ്ട്. നമ്മുടെ ഈദ് ഇതാണ്. " [Muslim # 892 2/607-608] & [Bukhari 952 2/445] മറ്റൊരു നിവേദനത്തിൽ ഇങ്ങനെ കാണാം : " അബൂബക്കർ, എല്ലാ ജനതക്കും അവരുടെ ആഘോഷദിനമുണ്ട് (ഈദ്). ഇന്ന് നമ്മുടെ ആഘോഷ ദിവസമാണ് " [Bukhari 3931 7/264]

ഈ ഹദീസുകളിൽ നിന്ന് മനസ്സിലാകുന്ന കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം :

A. "ഓരോ സമൂഹത്തിനും അവരുടെ ഈദ് (ആഘോഷം) ഉണ്ട് " എന്ന് പ്രവാചകൻ പറഞ്ഞതിനർത്ഥം ഓരോ മതങ്ങൾക്കും

പ്രത്യേക ഉത്സവങ്ങളും ആഘോഷ ദിനങ്ങളുമുണ്ട് എന്നാണ് . അവരെ പരസ്പരം വ്യത്യസ്തമാക്കുന്നത് അതാണ്.

അല്ലാഹു പറയുന്നു : " നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു. "(Qur'an 5:48). അതായത് നമ്മുടെ മതപരമായ ആഘോഷങ്ങളിലോ മതപരമായ വശങ്ങളിലോ ജോയിൻ ചെയ്യാൻ കുഫ്ഫാറുകളെ നമ്മൾ അനുവദിക്കാത്തത് പോലെ നമ്മൾ അവരുടെ മതപരമായ കാര്യങ്ങളിലും ജോയിൻ ചെയ്യാൻ പാടുള്ളതല്ല. മറ്റ് കാര്യങ്ങളിലും , നമ്മുടെ ആഘോഷ ദിവസങ്ങളിലും, നമ്മുടെ റബ്ബിലും അവനെ ആരാധിക്കാൻ നാം അഭിമുഖീകരിക്കുന്ന ദിശയിലും നാം അവരുമായി വ്യത്യാസപ്പെട്ടിരിക്കുന്നു...

B. മേൽ പറഞ്ഞ ഹദീസിൽ "ഇന്ന് നമ്മുടെ ആഘോഷ ദിവസമാണ് (ഈദ്) " എന്ന് പ്രവാചകൻ പറയുന്നു. അതായത് ഞങ്ങൾക്ക് ഈ ദിവസമല്ലാതെ മറ്റു ആഘോഷദിനങ്ങളോ ഉത്സവങ്ങളോ ഇല്ല എന്ന്. [Iqthida al Sirat Al Mustakeem 1/447]

മേൽപ്പറഞ്ഞതിനർത്ഥം ആ ഒരു ദിവസത്തെ നമ്മുടെ ഒരേയൊരു ആഘോഷദിനമായി പ്രവാചകൻ പരിമിതപ്പെടുത്തുന്നുവെന്നല്ല. കാരണം അദ്ദേഹം പൊതുവായ അർത്ഥത്തിലാണ് സംസാരിക്കുന്നത്, ഒരു പ്രത്യേക ഉദാഹരണം നൽകിക്കൊണ്ടല്ല.

ഈ കാര്യം കൂടുതൽ വ്യക്തമാക്കുന്നതിന് ഒരു ഉദാഹരണം പറയാം. ഇസ്ലാമിലെ പ്രാർത്ഥനയെക്കുറിച്ച് ഒന്നും അറിയാത്ത ഒരാളോട് നിങ്ങൾ പ്രാർത്ഥനയെ പറ്റി വിശദീകരിക്കുന്നതായി സങ്കല്പിക്കുക. സ്വഭാവികമായും നിങ്ങൾ അടിസ്ഥാനകാര്യങ്ങളിൽ നിന്നായിരിക്കും ആരംഭിക്കുന്നത്. എന്നിട്ട് പറയും : “ഇതാണ് മുസ്‌ലിംകളുടെ പ്രാർത്ഥന.” മുസ്‌ലിംകളുടെ പ്രാർത്ഥനയെ നിങ്ങൾ ഒന്നിലേക്ക് മാത്രം പരിമിതപ്പെടുത്തുന്നു എന്നല്ലല്ലോ അതിനർത്ഥം. മറിച്ചു ഇത് ഒരു ഉദാഹരണം മാത്രമാണ്.

മറ്റൊരു ഹദീസിൽ മുസ്ലിങ്ങൾക്ക് ആഘോഷിക്കാവുന്ന പ്രതേക ദിവസങ്ങൾ പ്രവാചകൻ വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു : അറഫയുടെ ദിനം, ബലിയുടെ ദിനം, മിനയിലെ ദിനം എന്നിവ ഞങ്ങൾ

ഇസ്ലാമിന്റെ ആളുകളുടെ ആഘോഷ ദിനങ്ങളാണ്. അവ ഭക്ഷണ പാനീയങ്ങളുടെ ദിവസങ്ങളാണ് ". [Abu Dawoud 2/804 #2418]

C. മുസ്ലിങ്ങളുടെ ആഘോഷങ്ങൾ കുഫ്ഫാറുകളുടെ ആഘോഷങ്ങളുമായി കൂടിചേരാത്തത് കൊണ്ടും ഇടകലരാത്തത് കൊണ്ടും പ്രവാചകൻ ഈ പെൺകുട്ടികളുടെ പാട്ട് തുടരാൻ അനുവദിച്ചു. ഇത് അദ്ദേഹം അനുവദിച്ചതിന്റെ കാരണം അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെയുണ്ട്. "എല്ലാ ജനതക്കും അവരുടെ ആഘോഷദിനമുണ്ട് (ഈദ്). ഇന്ന് നമ്മുടെ ആഘോഷ ദിവസമാണ് ". ഈ കാരണം മുസ്‌ലിംകൾക്ക് മാത്രം പ്രത്യേകമായുള്ളതാണ്. അന്നത്തെ ദിവസം ഏതെങ്കിലും അവിശ്വാസികളുടെ ഉത്സവമായിരുന്നെങ്കിൽ, ഇന്ന് നമ്മുടെ ആഘോഷദിനമാണ് എന്ന് പ്രവാചകൻ പറയുന്നതിന് എന്ത് അർത്ഥമാണുള്ളത്? ഇന്ന് നമ്മുടെ ആഘോഷദിനമാണ് എന്ന് അദ്ദേഹം വ്യക്തമാക്കിയതിനാൽ നമ്മുടെ ആഘോഷങ്ങൾക്കും നമുക്കും മാത്രമാണ് അനുവദിനീയതയുള്ളത്. എല്ലാ ആഘോഷങ്ങൾക്കും ബാധകമാക്കാൻ ഉള്ളതല്ല ഇത്.

5. ഉമർ ഇബ്നുൽ ഖത്താബ് തന്റെ ഖിലാഫത്തിൽ അവരെ ഒഴിപ്പിക്കുന്നത് വരെ അറേബ്യൻ ഉപദ്വീപിലെ ദേശങ്ങളിൽ ക്രിസ്ത്യാനികളും ജൂതന്മാരും ഉണ്ടായിരുന്നു. അത്പോലെ പ്രവാചകൻ മരിക്കുമ്പോൾ അദ്ദേഹത്തിന്റെ പരിച ഒരു ജൂതന്റെ കൈവശം പണയത്തിലായിരുന്നു എന്നത് ചരിത്രത്തിൽ അറിയപ്പെടുന്ന വസ്തുതയാണ്. മാത്രമല്ല, ഇസ്ലാം വ്യാപിച്ച എല്ലാ നാടുകളിലും അമുസ്‌ലിംകളുണ്ടായിരുന്നു.

തിരസ്കരിക്കാൻ കഴിയാത്ത ചരിത്രത്തിന്റെ ഭാഗമാണിത്. അവിടങ്ങളിലെ യഹൂദന്മാരും ക്രൈസ്തവരുമെല്ലാം തങ്ങളുടെ പാരമ്പര്യങ്ങളും ആഘോഷദിനങ്ങളും പിന്തുടരുകയും ആ ദിനങ്ങളിൽ

ആചാരങ്ങൾക്കൊപ്പം അവർ ഭക്ഷണം ഉണ്ടാക്കുകയും കുടിക്കുകയും പുതു വസ്ത്രങ്ങൾ ധരിക്കുകയും ചെയ്തു പോന്നു.

എന്നാൽ മുസ്ലിങ്ങൾ ഒരിക്കലും അവരുടെ ആഘോഷങ്ങളിൽ പങ്കെടുത്ത് ബഹുസ്വരത തെളിയിച്ചതായി ചരിത്രത്തിൽ നിങ്ങൾക്ക് കാണാൻ സാധിക്കില്ല. മുസ്ലിങ്ങൾ അവർക്ക് ആശംസകൾ അയച്ചില്ല, കുഫാറുകളുടെ ആഘോഷം പ്രമാണിച്ചു മുസ്ലിങ്ങൾ തങ്ങളുടെ ദിനചര്യകളിൽ യാതൊരു വ്യത്യാസവും വരുത്തിയില്ല. മാത്രമല്ല അവരിൽ നിന്നു വ്യത്യസ്തരാകാൻ വേണ്ടി മുസ്ലിങ്ങൾ അന്നേ ദിവസം നോമ്പ് എടുക്കുകയും നോമ്പ് എടുക്കാൻ കൽപിക്കുകയും ചെയ്തിരുന്നു.

അമുസ്ലിങ്ങളുടെ ആഘോഷങ്ങളുടെ കാര്യത്തിൽ പ്രവാചകന്റെ കല്പ്പനകൾ കർശനവും നിർണ്ണായകവുമായിരുന്നു. അല്ലായിരുന്നുവെങ്കിൽ ഇന്നത്തെ പോലെ അവരുടെ ആഘോഷ ദിവസങ്ങളിൽ സന്തോഷിക്കുന്നവരുടെയോ
ഏറ്റവും കുറഞ്ഞത് അവർക്ക് ആശംസകൾ അയച്ച മുസ്ലിങ്ങളുടെയോ ചരിത്രം നമുക്ക് കേൾക്കാമായിരുന്നു. കാരണം ഇസ്ലാമിനു മുൻപുള്ള അവരുടെ പാരമ്പര്യം അങ്ങനെയായിരുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾ ഈ വിഷയത്തിൽ അവർക്ക് ലഭിച്ചിരുന്നില്ലെങ്കിൽ അവർ പഴയ രീതികൾ തുടരുമായിരുന്നു.

അക്കാലത്തെ ഏറ്റവും കൂടിയ വ്യതിയാനം പോലും കുഫാറുകളുടെ ആഘോഷങ്ങൾ ദൂരെ നിന്ന് കാണുന്നതിൽ മാത്രം പരിമിതമായിരുന്നു. എന്നാൽ അത് പോലും രണ്ടാം ഖലീഫ ഉമർ ഇബ്നുൽ ഖത്താബ് നിരോധിക്കുകയാണ് ഉണ്ടായത്. [Iqthida al Sirat al mustakeem 1/448-50]

അത്തരം റിപ്പോർട്ടുകളിൽ സലഫുകളിൽ ചിലർ കുഫാറുകളുടെ ആഘോഷങ്ങളെ ദൂരെ നിന്ന് വീക്ഷിക്കുമായിരുന്നു എന്ന് കാണാം. ശ്രദ്ധിക്കുക, ഈ കാര്യങ്ങൾ പോലും രേഖപ്പെടുത്തപ്പെട്ടിരിക്കെ, അവരിൽ ആരെങ്കിലും സ്വയം കുഫാറുകളുടെ ആഘോഷങ്ങളിൽ പങ്കെടുക്കുകയോ അല്ലെങ്കിൽ ആഘോഷ ദിവസങ്ങളിൽ കുഫാറുകൾക്ക് ആശംസകൾ അർപ്പിക്കുകയോ ചെയ്തിരുന്നെങ്കിൽ അത് ചരിത്രത്തിൽ ഇടം പിടിക്കുമായിരുന്നു എന്ന കാര്യത്തിൽ നിങ്ങൾക്ക് സംശയമുണ്ടോ?

അവിശ്വാസികളുടെ ആഘോഷങ്ങൾ കാണുന്നത് പോലും ഉമർ ഇബ്നുൽ ഖത്താബ് നിരോധിച്ചെങ്കിൽ? ഇന്നത്തെ മുസ്ലിങ്ങൾ ക്രിസ്മസ് ട്രീ ഒരുക്കുന്നതും നക്ഷത്രം തൂക്കുന്നതും ഓണപ്പൂക്കളം ഒരുക്കുന്നതും മദർസ് ഡേയും ഫാദർസ് ഡേയും ന്യൂയറും ആഘോഷിക്കുന്നതും ആശംസകൾ അർപ്പിക്കുന്നതും സമ്മാനങ്ങൾ കൈമാറുന്നതും ഉമർ ഇബ്നുൽ ഖത്താബ്(R) കാണുകയാണ് എങ്കിൽ അദ്ദേഹം എങ്ങനെ പ്രതികരിക്കുമായിരുന്നു എന്ന് ചിന്തിച്ചു നോക്കുക.

> 6. അബൂഹുറയ്റ നിവേദനം : ഭൂമിയിൽ നമ്മൾ അവസാന കാലക്കാരാണ്, എന്നാൽ ഉയർത്തെഴുന്നേൽപ്പ് നാളിൽ നാം ആദ്യക്കാരായിരിക്കും. എല്ലാ സമൂഹങ്ങൾക്കും നമുക്ക് മുൻപായി ഗ്രന്ഥം നൽകപ്പെടും. അതിന് ശേഷമായിരിക്കും നമുക്ക് നല്കപ്പെടുക. അവരുടെ ദിവസത്തിൽ (വെള്ളിയാഴ്ച) അല്ലാഹു അവരോട് കൽപിച്ചപ്പോൾ അവർ തർക്കമുന്നയിച്ചു, എന്നാൽ അല്ലാഹു നമ്മെ അതിലേക്ക് (വെള്ളിയാഴ്ച) നയിച്ചു. അങ്ങനെ ജനങ്ങൾ നമ്മുടെ അനുയായികളായി. യഹൂദന്മാർ അതിനു ശേഷവും ക്രൈസ്തവർ അതിന് ശേഷവും. [Muslim 855]

മറ്റൊരു ഹദീസിൽ പ്രവാചകൻ പറയുന്നു :

നമുക്ക് മുമ്പുള്ളവരെ അല്ലാഹു വെള്ളിയാഴ്ചയിൽ നിന്നും വഴിതിരിച്ചുവിട്ടു. യഹൂദന്മാർക്ക് (പ്രാർത്ഥനയ്ക്കായി നീക്കിവച്ചിരിക്കുന്ന ദിവസം) സാബത് (ശനിയാഴ്ച) ആയിരുന്നു, ക്രിസ്ത്യാനികൾക്ക് അത് ഞായറാഴ്ചയായിരുന്നു. അല്ലാഹു നമ്മളെ വെള്ളിയാഴ്ച്ചയിലേക്ക് (പ്രാർത്ഥനദിനമായി) നയിച്ചു. വാസ്തവത്തിൽ, അവൻ വെള്ളിയും ശനിയും ഞായറും ദിവസങ്ങൾ
ഉണ്ടാക്കിയ ഈ ക്രമത്തിൽ അവർ (യഹൂദരും ക്രിസ്ത്യാനികളും) ഉയിർത്തെഴുന്നേൽപ്പ് നാളിൽ നമുക്ക് പിന്നാലെ വരുന്നതാണ്. ഭൂമിയിൽ നമ്മൾ അവസാന ഉമ്മത്താണ്, എന്നാൽ ഉയർതെഴുന്നേൽപ്പ് നാളിൽ സൃഷ്ടികളിൽ ആദ്യക്കാർ നമ്മളായിരിക്കും. [Muslim 2/586 # 856]

<u>മുസ്ലിങ്ങൾക്ക് പ്രതേക ഹോളിഡേയ്സ് ഉണ്ടെന്നു</u> ഇവയും മറ്റു ഹദീസുകളും

ഊന്നിപ്പറയുന്നു. മേൽ ഹദീസുകളിൽ പ്രവാചകൻ ദിവസങ്ങളെ എങ്ങനെ വിഭജിച്ചു എന്നതും ശ്രദ്ധേയമാണ് : വെള്ളിയാഴ്ച നമുക്കും ശനിയാഴ്ച ജൂതന്മാർക്കും ഞായറാഴ്ച ക്രിസ്ത്യാനികൾക്കുമാണ്.

ഇത് മൂന്ന് കാറുകളെ പോലെയാണ് : Mercedes, Lincoln, Cadillac എന്നിവയാണ് അവ. അതിൽ Mercedes മുഹമ്മദിന്റെതാണ്, Lincoln ജോസഫിന്റെയും Cadillac ഡേവിഡിന്റെതുമാണ്. ഓരോ കാറും ഒരു വ്യക്തിയുടെ മാത്രം വകയാണ്. ഈ വ്യക്തിക്കല്ലാതെ മറ്റാർക്കും കാറിൽ അവകാശമില്ല. ഇത് തന്നെയാണ് നമുക്കും അവർക്കുമിടയിൽ ദിവസങ്ങളെ ഭാഗിച്ച പ്രവാചകന്റെ ഹദീസിൽ നിന്നും മനസിലാകുന്നത്.

ഈ ഹദീസ് വിശദീകരിക്കുമ്പോൾ ഇമാം ഇബ്നു തൈമിയ്യ എഴുതി :
" നാം അവരുടെ ദിവസങ്ങൾ ആഘോഷിക്കുകയാണെങ്കിൽ നമ്മൾ ഈ ഹദീസിനെ നിരാകരിക്കുകയാണ് ചെയ്യുന്നത്. ഇനി ഇതൊരു വീക്കിലി സെലിബ്രേഷനാണ് എങ്കിൽ അത് അവരുടെ വാർഷിക ആഘോഷത്തിനും ബാധകമാണ്. അവ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. വാസ്തവത്തിൽ, ഇത് അറബിക് കലണ്ടറുകളിലൂടെ അറിയപ്പെടുന്ന ഒരു ആഘോഷമാണെങ്കിൽ അത് റോമാക്കാരുടെയോ കോപ്റ്റിക്കുകളുടെയോ ഫെരിസ്യരുടെയോ യഹൂദരുടെയോ കലണ്ടറുകകളിൽ അറിയപ്പെടുന്ന ആഘോഷ ദിവസങ്ങളേക്കാൾ കൂടുതൽ മോശമാണ്. " [Iqtida al Sirat Mustakeem 1/451]

ഭൂമിയിലെ എല്ലാ മതങ്ങളിലും വെളിപാടുകളിലും വെച്ച് മുഹമ്മദ് നബിയുടെ ഉമ്മത്തായ നമ്മൾ അവസാന കാലക്കാരാണ് എങ്കിലും ഉയർത്തെഴുന്നേൽപ്പ് നാളിൽ മുഴുവൻ ജനതകളുടെയും നേതാക്കൾ നമ്മളായിരിക്കും എന്ന് ഹദീസുകൾ പറയുന്നു. മനുഷ്യരിൽ സ്വർഗ കവാടത്തിലേക്ക് ആദ്യമായി പ്രവേശിക്കുന്നതും അത് തുറക്കപ്പെടുന്നതും മുഹമ്മദ് നബിക്ക്(SW) മുന്നിലായിരിക്കും. എന്ത് കൊണ്ടെന്നാൽ അവർക്ക് ശേഷം ഗ്രന്ഥം ലഭിക്കുപ്പെട്ടവരാണ് നമ്മൾ എന്നതിനാലും അവർ തർക്കിച്ചു കൊണ്ടിരുന്നതിൽ നമ്മൾക്ക് നേർവഴി ലഭിച്ചതിനാലും നമ്മുടെ സൽപ്രവർത്തനങ്ങൾ അവരെ മുന്നിടുന്നതിനാലുമാണത്. അങ്ങനെ നമ്മൾ ശരിയായ പാതയിൽ അവരെ മുൻകടക്കുകയും അല്ലാഹു നമ്മെ ഒന്നാമതായി ആദരിക്കുകയും ചെയ്തു.

ഇസ്ലാം ഒരു സമ്പൂർണ്ണ മതമാണ്. അതൊരു ജീവിത വ്യവസ്ഥയാണ്. നമ്മുടെ ജീവിതത്തിന്റെ മുഴുവൻ വിശദാംശങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. ഈ വിശദാംശങ്ങളിൽ നമ്മുടെ പ്രത്യേക ആഘോഷ ദിവസങ്ങളും ഉള്ളടങ്ങിയിരിക്കുന്നു. അതിനാൽ,

ന്യായവിധിയുടെ ദിവസത്തിൽ നേതാക്കളെന്ന നിലയിൽ നമ്മുടെ സ്ഥാനം നിലനിർത്താൻ അല്ലാഹുവും റസൂലും നമുക്ക് മേൽ നിശ്ചയിച്ച പ്രത്യേക ദിവസങ്ങൾ മാത്രം ആഘോഷിച്ചുകൊണ്ട് അതിനെ പിന്തുടരേണ്ടതുണ്ട്.

മറ്റുള്ളവർ വഴിപിഴച്ചപ്പോൾ നമ്മൾ മാത്രമാണ് നേർവഴിയിൽ നയിക്കപ്പെട്ടത് എന്നും അതിനാൽ ഉയർത്തെഴുന്നേൽപ്പ് നാളിൽ ആദ്യമായി പ്രതിഫലം ലഭിക്കുന്നത് നമുക്കായിരിക്കുമെന്നും മേൽ ഹദീസിൽ പ്രവാചകൻ വ്യക്തമായി പറയുന്നു.

വലുതോ ചെറുതോ ആകട്ടെ, കുഫാറുകൾ വഴിതെറ്റിപ്പോയ സകല കാര്യങ്ങളിൽ നിന്നും പ്രവാചകൻ ഇവിടെ പ്രതേകം പരാമർശിച്ച ഒരേയൊരു കാര്യം, അവർ അവരുടെ ആഘോഷ ദിവസങ്ങളിൽ വഴിപിഴച്ചു പോയ കാര്യമാണ്. ഇതിൽ നിന്നും ഈ വിഷയത്തിന്റെ പ്രാധാന്യം എത്രത്തോളമാണ് എന്ന് തെളിയുന്നുണ്ട്.
മാത്രമല്ല ഇത് ഒരു പ്രധാന പ്രശ്നമാണെന്നും ചിലർ വാദിക്കുന്നതുപോലെ ഒരു ചെറിയ വിശദാംശമല്ല എന്നും വ്യക്തമാണ്.

അതിനാൽ നമ്മേക്കാൾ പദവികൾ കുറഞ്ഞവരോടൊപ്പം അവരുടെ ആഘോഷങ്ങളിൽ പങ്ക് ചേർന്നു കൊണ്ട് അല്ലാഹു നമുക്ക് നൽകിയിട്ടുള്ള ഉന്നതമായ പദവികളെ പാഴാക്കരുത്. കത്തിജ്വലിക്കുന്ന സൂര്യൻ നമ്മുടെ തലയ്ക്കു മുന്നിൽ വന്നു നിൽക്കുന്ന, ഓരോ വ്യക്തിയും അവനവന്റെ പ്രവൃത്തികളെ മാത്രം ആശ്രയിച്ച് വിയർപ്പിൽ മുങ്ങിനിൽക്കുന്ന ന്യായവിധി ദിവസത്തിലാണ് നമുക്ക് ഈ പദവികൾ ഏറ്റവും കൂടുതൽ ആവശ്യമായി വരുന്നത്. അതിനാൽ നമ്മേക്കാൾ താഴെയുള്ളവരോടൊപ്പം അവരുടെ ആഘോഷ ദിനങ്ങളിൽ പങ്കു ചേർന്നു നമ്മുടെ പദവികളെ പാഴാക്കിക്കളയുന്നത് എന്തിന്?

7. ഇബ്നു അബ്ബാസിന്റെ(R) അടിമമായ കുറൈബ് നിവേദനം ചെയ്യുന്നു : പ്രവാചകൻ ഏത് ദിവസങ്ങളിലാണ് ഏറ്റവും കൂടുതൽ നോമ്പ് എടുത്തിരുന്നത് എന്നറിയാൻ വേണ്ടി എന്നെയും മറ്റു സഹാബികളെയും ഇബ്നു അബ്ബാസ് പ്രവാചക പത്നിയായ ഉമ്മു സലമയുടെ അടുക്കലേക്ക് അയച്ചു. ഉമ്മു സലമ(R) പറയുന്നു : മറ്റേതൊരു ദിവസത്തേക്കാളും കൂടുതലായി അല്ലാഹുവിന്റെ

റസൂൽ ശനിയാഴ്ചയും ഞായറാഴ്ചയുമാണ് നോമ്പ് എടുത്തിരുന്നത്. അദ്ദേഹം പറയുമായിരുന്നു : ഇവ രണ്ടും ബഹുദൈവ വിശ്വാസികളുടെ ആഘോഷ ദിവസങ്ങളാകുന്നു (ഈദ്). അതിനാൽ അവരോടു വിയോജിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. [Musnad Ahmad 6/323-324] & [Hakim Mustadrak 1/109] [Iqtida' asSirat al-Mustaqeem 1/453] & [Ibn Hibban 3616] [Nasaee 2789]

അവരുടെ ആഘോഷദിനങ്ങളിൽ സന്തോഷിക്കുന്നത് പാപമാണ് എന്ന് മാത്രമല്ല, അവരിൽ നിന്ന് വ്യത്യസ്തമാകണം / വിയോജിപ്പ് പ്രകടിപ്പിക്കണം എന്നതും ഇസ്ലാമിന്റെ കല്പനയാണ്.

എങ്കിലും കുഫാറുകളുടെ ആഘോഷ ദിനങ്ങളിൽ മുസ്ലിങ്ങൾ എന്ത് ചെയ്യണം എന്ന വിഷയത്തിൽ മുൻകാല പണ്ഡിതന്മാർ വ്യത്യസ്ത അഭിപ്രായങ്ങൾ പങ്കു വെച്ചിട്ടുണ്ട്. നോമ്പ് എടുത്തു കൊണ്ട് അവരിൽ നിന്ന് വ്യത്യസ്തരാകണം എന്ന് ചില പണ്ഡിതന്മാർ പറയുന്നു. മറ്റു ചിലർ ഈ ദിവസത്തെ പൂർണമായും അവഗണിച്ചു കൊണ്ട് സാധാരണ ദിവസങ്ങളെ പോലെ തുടരണം എന്ന് അഭിപ്രായപ്പെട്ടു. വേറെ ചിലർ ഈ വിഷയത്തിൽ അറബി-അനറബി ഇതര ആഘോഷദിനങ്ങൾ തമ്മിൽ വ്യത്യാസമുണ്ട് എന്ന് അഭിപ്രായപ്പെട്ടു.
എന്നാൽ അവിശ്വാസികളുടെ ആഘോഷ ദിനങ്ങൾ ആഘോഷിക്കുന്നതും അതിൽ സന്തോഷിക്കുന്നതും ആശംസകൾ അറിയിക്കുന്നതും അനുവദനീയമാണെന്ന് അവരിൽ ഒരാൾ പോലും പറഞ്ഞിട്ടില്ല എന്നത് പ്രതേകം ശ്രദ്ധിക്കേണ്ട വിഷയമാണ്.

പണ്ഡിതന്മാരുടെ ഇജ്മാഇൽ നിന്നുള്ള തെളിവുകൾ :

1. ജൂതന്മാരും ക്രൈസ്തവരും മുസ്ലിം നാടുകളിൽ താമസിക്കുകയും തങ്ങളുടെ ആഘോഷദിനങ്ങൾ ആചരിക്കുകയും

ചെയ്തിരുന്നതായി നമ്മൾ മുന്നേ പ്രസ്താവിച്ചിരുന്നു. എന്നാൽ ഒരിക്കൽ പോലും മുസ്‌ലിംകൾ അവരുടെ ആഘോഷങ്ങളിൽ പങ്കുചേർന്നതായോ ആശംസകൾ അർപ്പിച്ചതായോ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. പ്രവാചകന്റെ ശക്തമായ കല്പനകൾ ഈ വിഷയത്തിൽ ഇല്ലായിരുന്നു എങ്കിൽ സഹാബികളിൽ നിന്നും താബിഉകളിൽ നിന്നും അത്തരത്തിലുള്ള ധാരാളം സംഭവങ്ങൾ ചരിത്രത്തിൽ കാണാൻ കഴിയുമായിരുന്നു.

2. കീഴടക്കിയ നാടുകളിൽ രണ്ടാം ഖലീഫ ഉമർ ഇബ്നുൽ ഖത്താബ് ® ഏർപ്പെടുത്തിയ നിബന്ധനകളോട് മറ്റുള്ള സഹാബികളും അവരുടെ അനുയായികളായ പ്രസിദ്ധരായ താബിഈ പണ്ഡിതന്മാരും ഏകകണ്ഠമായി യോജിച്ചിരിക്കുന്നു. മുസ്ലിങ്ങളുടെ ഭരണത്തിൻ കീഴിൽ ജീവിക്കുന്ന ജൂതക്രൈസ്തവർക്ക് മുസ്ലിം നാടുകളിൽ തങ്ങളുടെ ആഘോഷങ്ങൾ പരസ്യമായി പ്രകടിപ്പിക്കാൻ അനുവാദമില്ലെന്ന നിബന്ധന ഉമറിന്റെ ഉടമ്പടികളിൽ (Pact of Umar) പ്രസിദ്ധമായിരുന്നു.

മുസ്ലിം ഭരണത്തിൻ കീഴിലുള്ള നാടുകളിൽ കുഫ്ഫാറുകൾ സ്വന്തം ആഘോഷ ദിനങ്ങൾ പരസ്യമായി ആഘോഷിക്കാൻ പാടില്ല എന്ന് മുസ്‌ലിംകൾ അംഗീകരിച്ചിരിക്കെ ഒരു മുസ്‌ലിമിന് എങ്ങനെയാണ് അവരുടെ ആഘോഷങ്ങളിൽ പങ്കെടുക്കാൻ കഴിയുക? ഒരു മുസ്ലിമാണ് കുഫ്ഫാറുകളുടെ ആഘോഷങ്ങൾ ആഘോഷിക്കുന്നതെങ്കിൽ അത് ഏറ്റവും മോശമായ കുറ്റമല്ലേ?

ഇത് ഒരു പാപമോ പാപത്തിന്റെ അടയാളമോ ആയതിനാൽ അവരെ അതിൽ നിന്ന് വിലക്കിയിരിക്കുന്നു. ഏത് സാഹചര്യത്തിലും, ഒരു മുസ്ലിം പാപങ്ങൾ ചെയ്യുന്നതിൽ നിന്നും കുഫ്ഫാറുകളുടെ ചിഹ്നങ്ങളിൽ സംഭാവന നൽകുന്നതിൽ നിന്നും വിലക്കപ്പെട്ടിരിക്കുന്നു. [Iqtida as-Sirat al-Mustaqeem 1/454]

മുൻഗാമികളായ സലഫുകളിൽ നിന്നുള്ള തെളിവുകൾ :

1. ഉമർ ഇബ്നുൽ ഖത്താബ് പറയുന്നു: അനറബികളുടെ പ്രാകൃത ഭാഷ നിങ്ങൾ അഭ്യസിക്കാൻ പാടില്ല. അവരുടെ ആഘോഷ ദിവസങ്ങളിൽ അവരുടെ കനീസകളിലും പ്രവേശിക്കാനും പാടില്ല, കാരണം അവരിൽ അല്ലാഹുവിന്റെ കോപം ഇറങ്ങുന്നതാണ്. [Bayhaqi Sunan al Kubra 9/234] [Musannaf Abdur Razaq 1/411 & 1609]

2. ഉമർ ഇബ്നുൽ ഖത്താബ് പറയുന്നു : "അല്ലാഹുവിന്റെ ശത്രുക്കളുടെ ആഘോഷ ദിവസങ്ങളിൽ നിന്ന് അകന്നു നിൽക്കുക" [Kanzul Ummal 1/405 & 1732]

3. അബ്ദുല്ലാഹിബ്നു ഉമർ പറയുന്നു : അനറബികളുടെ നാടുകളിൽ കെട്ടിടങ്ങൾ പണിയുകയും അവരുടെ നൈറൂസും ഉത്സവങ്ങളും ഏറ്റെടുക്കുകയും അവരെ അനുകരിക്കുകയും ചെയ്യുന്നവൻ മരണപ്പെടുന്നത് അവരിൽ ഒരാളായിട്ടായിരിക്കും. നരകത്തിൽ അവരോടൊപ്പം അവൻ ഒരുമിക്കുന്നതാണ്. [Baihaqi 9/234]

4. മുഹമ്മദ് ഇബ്നു സീരീൻ പറയുന്നു : (പേർഷ്യക്കാരുടെ) നൈറൂസ് ആഘോഷ ദിനത്തിൽ അലി ഇബ്നു അബീ താലിബിന്(R) മുന്നിൽ സമ്മാനങ്ങൾ കൊണ്ട് വരപ്പെട്ടു. അദ്ദേഹം ചോദിച്ചു : എന്താണ് ഇത്? അവർ പറഞ്ഞു : വിശ്വാസികളുടെ നേതാവേ, ഇന്ന് നൈറൂസ് ദിനമാണ്. അലി അവരോടു പറഞ്ഞു : എല്ലാ ദിവസവും ഒരു "ഫൈറൂസ്" ആക്കുക ". [Iqtida Sirat al Mustaqeem, 1/515]

   [ഈ റിപ്പോർട്ടിന്റെ നിവേദകരിൽ ഒരാളായ അബു ഉസാമാഹ് പറയുന്നു : അലി(R) ഇതിനെ "ഫൈറൂസ്" എന്നാണ് വിളിച്ചത്. കുഫ്ഫാറുകൾ അവരുടെ ആഘോഷത്തെ വിളിക്കുന്ന അതേ പേര് പോലും വിളിക്കുന്നത് അദ്ദേഹം വെറുത്തു ".]

അമുസ്ലിങ്ങളിൽ നിന്ന് വിയോജിക്കുന്നതിന്റെ ഭാഗമായി അവരുടെ ആഘോഷത്തിന് അവർ വിളിക്കുന്ന പേരിനെയും ആ ദിവസങ്ങളെ പോലും (എല്ലാ ദിവസവും ആക്കുക എന്ന് പറഞ്ഞു കൊണ്ട്) അദ്ദേഹം മാറ്റിയത് ശ്രദ്ധിക്കുക.

അനറബികളുടെ ഭാഷകൾ അനുകരിക്കുന്നതിനെ ഉമർ(R) തടയുകയും അവരുടെ ആഘോഷവേളകളിൽ അവരുടെ ചർച്ചുകളിൽ മുസ്ലിങ്ങൾ പ്രവേശിക്കരുത് എന്ന് അദ്ദേഹം വിലക്കുകയും ചെയ്തു. എങ്കിൽ എങ്ങനെയാണ് ഒരു മുസ്ലിമിന് അവരുടെ മതപരമായ ആഘോഷത്തിൽ പങ്ക് ചേരാൻ കഴിയുക? മതത്തേക്കാൾ നിസ്സാരമല്ലേ ഭാഷ? എന്നിട്ടും ഉമർ അത് വിലക്കിയെങ്കിൽ അവരുടെ ആഘോഷങ്ങൾ ഏറ്റെടുക്കുന്നതിന്റെ വിധി എന്തായിരിക്കും?

അവരുടെ ആഘോഷ ദിവസങ്ങളിൽ അവരിൽ ദൈവകോപം ഇറങ്ങുമെങ്കിൽ
അവരുടെ ആഘോഷങ്ങളിൽ പങ്കു ചേരുകയും സന്തോഷിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്യുന്ന മുസ്ലിങ്ങളുടെ അവസ്ഥ എന്തായിരിക്കും?

" അല്ലാഹുവിന്റെ ശത്രുക്കളുടെ ആഘോഷ ദിവസങ്ങളിൽ നിന്ന് അകന്നു നിൽക്കാൻ " ഉമർ (R) പറയുന്നു. ആ ദിവസങ്ങളിൽ അവരിൽ നിന്ന് അകന്നു നിൽക്കാനും അവരുമായി കണ്ടുമുട്ടാതിരിക്കാനുമുള്ള കല്പനയല്ലേ ഇത്? എങ്കിൽ മനഃപൂർവം അവരെ കണ്ട് മുട്ടുകയും ആശംസകൾ അറിയിക്കുകയും ആഘോഷത്തിൽ ഭാഗമാകുന്നവന്റെയും കാര്യമോ?

കുഫ്ഫാറുകളുടെ ഉത്സവങ്ങളെ ആഘോഷിക്കുന്നവൻ അവരിൽ പെട്ടവനായി പരിഗണിക്കപ്പെടുമെന്നും മഹാപാപികളിൽ ഉൾപ്പെടുമെന്നും അബ്ദുല്ലാഹിബ്നു ഉമർ(R) പറയുന്നു.

കുഫാറുകളുടെ ഉത്സവ ദിവസത്തിന്റെയും അതിന്റെ പേരിന്റെയും പൊതുവായ സ്വഭാവത്തെ അലി ഇബ്നു അബീതാലിബ്(R) വെറുത്തതായി നാം കണ്ടു. എങ്കിൽ ഇന്നത്തെ മുസ്‌ലിംകൾ കുഫാറുകളുടെ ആഘോഷങ്ങളിൽ അവരുമായി യോജിക്കുന്നത് കണ്ടാൽ അദ്ദേഹം എങ്ങനെ പ്രതികരിക്കും എന്ന് ആലോചിച്ചു നോക്കുക....

ഇമാം അഹ്മദും അദ്ദേഹത്തെ പോലെ അറിയപ്പെടുന്ന ഇമാമീങ്ങളും മുകളിൽ വിവരിച്ച റിപ്പോർട്ടുകൾ അംഗീകരിച്ചവരാണ്... [Iqtida as-Sirat al-Mustaqeem 1/455-61]

വ്യാഖ്യാനങ്ങൾ :

1. അവിശ്വാസികളുടെ ഉത്സവങ്ങൾ അവരുടെ വിശ്വാസത്തിന്റെ ഭാഗവും കർമ്മമാർഗവുമാണ്. അല്ലാഹു അതിനെ പറ്റി പറഞ്ഞത് : "ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു. "(Qur'an 5:48) എന്നാണ്. ഖിബ്ലക്ക് നേരെ തിരിയുന്നത് പോലെയും പ്രാർത്ഥിക്കുകയും നോമ്പ് നോൽക്കുകയും ചെയ്യുന്നത് പോലെയാണ് അത്. അവരുടെ വിശ്വാസങ്ങളും അവരുടെ ആഘോഷങ്ങളിൽ സന്തോഷിക്കുന്നതും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. വാസ്തവത്തിൽ, ആഘോഷങ്ങൾ കുഫാറുകളുടെ ഒരു പ്രത്യേകതയാണ്. നമ്മളും അവരും തമ്മിലുള്ള വേർതിരിവിന്റെ ഏറ്റവും വലിയ അടയാളവും അത് തന്നെയാണ്. അവരുടെ ആഘോഷ ദിവസങ്ങളെ അംഗീകരിക്കുക എന്നത് അല്ലാഹുവിന്റെ കോപം ക്ഷണിച്ചു വരുത്തലാണ്.

2. അല്ലാഹുവിനോടുള്ള അനുസരണക്കേട് നിമിത്തം അവരുടെ ആഘോഷങ്ങളെയും ഉൽത്സവങ്ങളെയും അല്ലാഹു ദുർബലപെടുത്തുകയും അടിസ്ഥാനമില്ലാതാക്കുകയും ചെയ്തു. അതിനാൽ അവരുടെ ആഘോഷങ്ങളിൽ നാം പങ്കു ചേരുക എന്നത് നമ്മുടെ ഖിബ്‌ലയെ മക്കയിൽ നിന്നും പലസ്തീനിലെ ബൈത്തുൽ മഖ്ദിസിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് തുല്യമാണ്.

അമുസ്ലിങ്ങളുടെ ആഘോഷങ്ങൾക്ക് ആശംസകൾ അർപ്പിക്കുകയും സന്തോഷിക്കുകയും ചെയ്യുന്ന ഒരു മുസ്ലിം അവരുടെ വ്യാജ മതത്തെ അല്ലെങ്കിൽ അവരുടെ ബിദ്അത്തിനെ വ്യക്തമായി അംഗീകരിക്കുകയാണ് ചെയ്യുന്നത്.

3. അവരുടെ ആഘോഷ ദിവസങ്ങളിൽ കേവലം ആശംസകൾ നേരുന്നത് മാത്രം അനുവദിനീയമാക്കുകയാണ് എങ്കിൽ പോലും അത് കടുത്ത സാഹചര്യങ്ങൾക്ക് വഴി തുറക്കുന്നതാണ്. കൂട്ടം കൂട്ടമായി മുസ്‌ലിംകൾ അതിന് തുടക്കമിടുകയും വൈകാതെ അവരുടെ ആഘോഷ ദിവസങ്ങളിൽ കുഫാറുകളെ ആശംസിക്കുന്നത് മുസ്ലിങ്ങളിൽ ഒരു ശീലമായിത്തീരുകയും ചെയ്യും. അത് തങ്ങളുടെ ആഘോഷദിനമായി പോലും മുസ്ലിങ്ങൾ കരുതുന്ന തലത്തിലേക്ക് അതിരു കവിയും. കുഫാറുകളുടെ നാട്ടിൽ താമസിക്കുന്ന മുസ്ലിങ്ങൾക്ക് ഈ പറഞ്ഞത് വ്യക്തമായി മനസ്സിലാകുന്നതാണ്. അവ പിന്നീട് അല്ലാഹു നിയമമാക്കിയ ആഘോഷങ്ങളുമായി മത്സരിക്കുകയും മുസ്ലിമിന്റെ ഇസ്ലാമിനെ ജീർണിപ്പിക്കുകയും കുഫാറുകൾക്ക് ആധിപത്യം നേടിക്കൊടുക്കുകയും ചെയ്യും. പാശ്ചാത്യവൽക്കരിക്കപ്പെട്ട മുസ്ലിങ്ങൾക്ക് (westernized muslims) സംഭവിച്ചതും ഇത് തന്നെയാണ്.

4. കുഫ്ഫാറുകളുടെ മിക്ക ആഘോഷങ്ങളും പിശാചിന്റെ അലങ്കാരമാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണം ക്രിസ്തുമസ് തന്നെയാണ്. യേശു ജനിച്ച ദിവസത്തെ പ്രതി അവർ തമ്മിൽ പരസ്പരം തർക്കത്തിലാണ്. യേശു ജനിച്ചത് ശൈത്യകാലത്തല്ല വേനലിലാണ് എന്ന് അവരുടെ തന്നെ അനേകം സോഴ്സുകൾ വെളിപ്പെടുത്തുന്നു. എന്നിട്ടും അവർ ശൈത്യത്തിൽ ആഘോഷിക്കുന്നു.

ആത്മീയ ആഘോഷം എന്നതിലുപരി ക്രിസ്തുമസ് ഒരു ബിസിനസ് ഹോളിഡേ ആണെന്ന് ഡോക്യുമെന്ററികളിൽ കൂടുതൽ റിയാലിസ്റ്റിക്കായ കുഫാറുകൾ തുറന്നു സമ്മതിക്കുന്നു. ക്രിസ്തുമസിനെ ഇന്നത്തെപ്പോലെ ജനപ്രിയമായ ഒരു അവധിക്കാല ആഘോഷമാക്കി മാറ്റിയതിൽ വ്യാപാരികളും ബിസിനസ്സുകാരും സുപ്രധാനമായ ഒരു പങ്ക് വഹിക്കുന്നു. എന്നിട്ടും ഈ വിഡ്ഢിത്തത്തിന് മുന്നിലേക്ക് മുസ്‌ലിങ്ങളും തലവെച്ചു കൊടുക്കുന്നു. ഇവരുടെ മറ്റു ആഘോഷദിനങ്ങളും സമാനമാണ്.

യഥാർത്ഥത്തിൽ മുസ്‌ലിംകളുടെ ഇത്തരം വ്യതിചലനങ്ങളെ കുറിച്ച് പ്രവാചകൻ മുന്നറിയിപ്പ് നൽകിയിരുന്നു : "ചാണിനു ചാണായും മുഴത്തിന് മുഴമായും നിങ്ങൾ നിങ്ങൾക്ക് മുൻപുള്ളവരുടെ പാതകളെ പിന്തുടരുമെന്ന് " പ്രവാചകൻ പ്രവചിച്ചു. നിങ്ങൾക്ക് മുന്പുള്ളവർ എന്നാൽ ജൂത ക്രൈസ്തവരെയാണോ താങ്കൾ ഉദ്ദേശിച്ചത് എന്ന്

ചോദിക്കപ്പെട്ടപ്പോൾ "അവരല്ലാതെ പിന്നെയാര്?" എന്നായിരുന്നു പ്രവാചകന്റെ മറുപടി. [Bukhari 7319]

അവിശ്വാസികളെ പിന്തുടരാൻ ആരംഭിക്കുന്നത് ആദ്യം ചെറു സംഘങ്ങളിൽ നിന്നായിരിക്കും. എന്നാൽ ഭൂരിപക്ഷം ജനങ്ങളും ആ തിന്മയെ തടയുകയോ വെറുക്കുകയോ ചെയ്യാത്തതിനാൽ അവ വളരെ വേഗത്തിൽ വ്യാപിക്കുന്നു. പാശ്ചാത്യവൽക്കരിക്കപ്പെട്ട ഒരു പ്രതേക തരം ഇസ്ലാമിനെ പ്രതിനിധീകരിക്കുന്ന
ഒരു വെസ്റ്റേണൈസ്ഡ് തലമുറയായിരിക്കും അതിന്റെ ഫലം. ഇന്റർഫെയ്ത് വേദികളിൽ വിശ്വാസങ്ങളും സംസ്കാരങ്ങളും കുഴഞ്ഞു മറിഞ്ഞു ഒരു തരം ജീർണിച്ച മിശ്രിതമായി അവരിലെ ഇസ്ലാം മാറിയിട്ടുണ്ടാകും.

5. പ്രവാചകൻ പറഞ്ഞു : തത്തുല്യമായൊരു സുന്നത്തിനെ അല്ലാഹു അവരിൽ നിന്ന് എടുത്തു മാറ്റിയിട്ടല്ലാതെ ഒരു ജനതയും ബിദ്അത്ത് കൊണ്ട് വരുന്നില്ല, [Musnad Ahmad 4/105]

ഇസ്ലാമും സുന്നത്തും ആത്മാവിന്റെ ഭക്ഷണമാണ്, നിങ്ങൾ അത് ഒരു തരം ഭക്ഷണത്തിലൂടെ നൽകുന്നില്ലെങ്കിൽ, മറ്റൊന്നിനൊപ്പം നൽകേണ്ടതുണ്ട്.
സുന്നത്തിന്റെ സ്ഥാനം ബിദ്അത്തുകൾ കയ്യടക്കുന്നത് ഇസ്ലാമിന്റെ സ്ഥാനത്ത് കുഫ്ർ സ്ഥാപിതമാകുന്നത് പോലെയാണ്. നിങ്ങൾ കുഫാറുകളുടെ ആഘോഷങ്ങൾക്ക് വേണ്ടി സമയം മാറ്റി വെക്കുമ്പോൾ ഇസ്ലാമിന്റെ ആഘോഷങ്ങളിൽ നിങ്ങൾ തളർച്ച ബാധിച്ചവരായിരിക്കും എന്നതും സ്പഷ്ടമായ വസ്തുതയാണ്. നിങ്ങൾ ഒരു പൊതുമേഖലാ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന വ്യക്തിയാണ് എങ്കിൽ നിങ്ങൾ ക്രിസ്മസിനും ഓണത്തിനും ഈദിനും ചെലവഴിക്കുന്ന ഊർജവും അധ്വാനവും ഒരുപോലെയാണോ?

6. കുഫാറുകളുമായി സ്വയം കൂടിച്ചേരുകയും ഇഴുകിച്ചേരുകയും ചെയ്യുന്നത് കൂടുതൽ അപകടകരമാണ്. കാരണം ആളുകൾ കൂടുതൽ അടുക്കുമ്പോൾ അവരുടെ പ്രതികരണങ്ങളും പ്രതേക രീതിയിലേക്ക് വഴി മാറും. അതിൽ തന്നെ അവരുടെ ആഘോഷവേളകളിൽ ഒരുമിക്കുന്നത് സാധാരണ ഒരുമിക്കുന്നതിനെക്കാൾ മോശകരമാണ്. ഇവ ഇരുകൂട്ടരും തമ്മിൽ

തങ്ങളുടെ പേര് ഒഴിച്ച് മറ്റെല്ലാത്തിലും ഒരുമിക്കുന്നതിന് ഇടയാക്കും.

ബോസ്നിയയിൽ ഇത് സംഭവിക്കുന്നത് നമ്മൾ കണ്ടതാണ്. അവിടത്തെ ഭൂരിഭാഗം മുസ്ലിംകളും ക്രൊയേഷ്യക്കാർക്കും സെർബുകൾക്കും സമാനമായിരുന്നു. അവർ തമ്മിൽ അവരുടെ പേരുകളിലല്ലാതെ മറ്റൊന്നിലും വേർതിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. വളരെക്കാലം അവരുമായി ഇടപഴകുകയും കൂടിച്ചേരുകയും ചെയ്തതിന്റെ ഫലമാണിത്!

യുണൈറ്റഡ് സ്റ്റേറ്റ്സിലും ഇതേ പ്രശ്നങ്ങൾ നിങ്ങൾക്ക് കാണാം. സ്കൂളുകളിലും സ്റ്റേറ്റ്കളിലുമായി വളർന്ന പുതുതലമുറ ജീർണിച്ച പാശ്ചാത്യവല്കൃതമായ ഇസ്ലാമിനെ പ്രതിനിധാനം ചെയ്യുന്നവരാണ്. അവരുടെ മനോഭാവവും ചിന്തകളും കുഫാറുകളുടേതാണ്. കുഫാറുകളിൽ നിന്ന് വേർതിരിക്കുന്ന ഒരേയൊരു ഘടകം അവരുടെ പേരുകൾ മാത്രമാണ്. (അല്ലാഹുവിന്റെ കാരുണ്യം ലഭിച്ച ചുരുക്കം ചിലർ ഒഴികെ)

അതിനാൽ, അവിശ്വാസികളുടെ ആഘോഷങ്ങളിലുള്ള കൂടിച്ചേരലുകളും ആശംസകളും അലങ്കാരങ്ങളും വഴി മുസ്ലിംകൾക്ക് ലഭിക്കുന്നത് കുഫാറുകളുടെ ശപിക്കപ്പെട്ട സ്വഭാവസവിശേഷതകളാണ്.

7. മറ്റുള്ളവരെ അനുകരിക്കുന്നത് ബാഹ്യമായും ആന്തരികമായുമുള്ള സ്നേഹത്തിനും അടുപ്പത്തിനും തുടക്കം കുറിക്കുന്നു. അതുകൊണ്ടാണ് സമാനതകളും സാമാന്യതകളും ഉള്ളവർക്ക് ഇടയിൽ മറ്റുള്ളവരെ അപേക്ഷിച്ചു ശക്തമായ ബോണ്ട് സ്ഥാപിക്കപ്പെടുന്നത്. ഒരേ നാട്ടുകാരായ രണ്ടുപേർ ഒരു വിദേശ രാജ്യത്ത് കണ്ടുമുട്ടിയാൽ അവർക്ക് പ്രത്യേക ബന്ധവും അടുപ്പവും ഉണ്ടായിരിക്കും. വാസ്തവത്തിൽ, ഒരേ വസ്ത്രം ധരിക്കുന്നവർ അല്ലെങ്കിൽ ഒരേ തരത്തിലുള്ള ജോലി ചെയ്യുന്നവർക്ക് ഇടയിൽ പോലും പ്രത്യേക ബോണ്ടുകളും ബന്ധങ്ങളും വികാരങ്ങളുമുണ്ട്.

അതിനാൽ, ഭൗതികമായ കാര്യങ്ങളിൽ അനുകരണമോ പൊതുവായ ബന്ധമോ ഉണ്ടാകുന്നതിന്റെ ഫലമായി സ്നേഹവും വിശ്വസ്തതയും, പ്രത്യേകമായ അടുപ്പവും രൂപപ്പെടുന്നു. മതപരമായ വിഷയങ്ങൾ ഈ ബോണ്ടുകളെ ശക്തമാക്കുകയും സ്നേഹവും വിശ്വസ്തതയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ <u>അമുസ്ലിങ്ങളോടുള്ള</u>

<u>സ്നേഹവും കൂറും ഇസ്ലാമിന് എതിരാണ്</u> എന്ന് നൂറുകണക്കിന് വചനങ്ങളിലൂടെ അല്ലാഹു വ്യക്തമാക്കിയ കാര്യമാണ് എന്നറിയുക. !

[Al-Ma'idah 5:51-52]
സത്യവിശ്വാസികളേ, യഹൂദരെയും ക്രൈസ്തവരേയും നിങ്ങള്‍ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ, അന്യോന്യം ഉറ്റമിത്രങ്ങളാണ് താനും. നിങ്ങളില്‍ നിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരില്‍ പെട്ടവന്‍ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേര്‍വഴിയിലാക്കുകയില്ല; തീര്‍ച്ച. എന്നാല്‍, മനസ്സുകള്‍ക്ക് രോഗം ബാധിച്ച ചില ആളുകള്‍ അവരുടെ കാര്യത്തില്‍ (അവരുമായി സ്നേഹബന്ധം സ്ഥാപിക്കുന്നതില്‍) തിടുക്കം കൂട്ടുന്നതായി നിനക്ക് കാണാം. ഞങ്ങള്‍ക്ക് വല്ല ആപത്തും സംഭവിച്ചേക്കുമോ എന്ന് ഞങ്ങള്‍ ഭയപ്പെടുന്നു. എന്നായിരിക്കും അവര്‍ പറയുന്നത്. എന്നാല്‍ അല്ലാഹു (നിങ്ങള്‍ക്ക്) പൂര്‍ണ്ണവിജയം നല്‍കുകയോ, അല്ലെങ്കില്‍ അവന്‍റെ പക്കല്‍ നിന്ന് മറ്റുവല്ല നടപടിയും ഉണ്ടാകുകയോ ചെയ്തേക്കാം. അപ്പോള്‍ തങ്ങളുടെ മനസ്സുകളില്‍ രഹസ്യമാക്കിവെച്ചതിനെപ്പറ്റി ഈ കൂട്ടര്‍ ഖേദിക്കുന്നവരായിത്തീരും.

ഇതുപോലുള്ള ധാരാളം വാക്യങ്ങള്‍ ഖുര്‍ആനിലെമ്പാടും കാണാന്‍ കഴിയും.
കുഫാറുകളെ സ്നേഹിക്കുന്ന ഒരുവന്‍ യഥാര്‍ത്ഥ വിശ്വാസിയല്ല. അവരെ അനുകരിക്കുക എന്നത് അവരെ സ്നേഹിക്കുന്നതിനെ കുറിക്കുന്നു. അതിനാല്‍ ഇത് നിരോധിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു :

[Al-Mujadila 58:22]
അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്‍റെ റസൂലിനോടും എതിര്‍ത്തു നില്‍ക്കുന്നവരുമായി സ്നേഹബന്ധം പുലര്‍ത്തുന്നത് നീ കണ്ടെത്തുകയില്ല. അവര്‍ (എതിര്‍പ്പുകാര്‍) അവരുടെ പിതാക്കളോ, പുത്രന്‍മാരോ, സഹോദരന്‍മാരോ ബന്ധുക്കളോ ആയിരുന്നാല്‍ പോലും....

• നിഗമനം (Conclusion) :

മുകളിൽ വിശദമായി പരാമർശിക്കപ്പെട്ട വസ്തുതകളിൽ നിന്നും കുഫാറുകളുടെ ആഘോഷദിനങ്ങൾ ആഘോഷിക്കുന്നത് ഇസ്ലാമിൽ നിരോധിക്കപ്പെട്ടതാണ് എന്ന് ഹൃദയവും വിവേകവുമുള്ള ആർക്കും വ്യക്തമാകുന്നതാണ്. അത് ഏത് തരത്തിലുള്ള പങ്ക് ചേരലായാലും ആശംസകൾ കൈമാറുന്നതായാലും അവരുടെ പാർട്ടികളിൽ പങ്കെടുക്കുന്നതായാലും പ്രതീകാത്മമായുള്ള പ്രവർത്തികളായാലും നിഷിദ്ധം തന്നെ.

ഫാദർസ് ഡേ, മദർസ് ഡേ എന്നിങ്ങനെ പേരുകൾ വിളിക്കുന്ന പിതാക്കന്മാരുടെയോ അമ്മമാരുടെയോ ദിനത്തിൽ നമ്മൾ മാതാപിതാക്കൾക്കായി സമ്മാനങ്ങൾ വാങ്ങരുത്. പകരം ഒരു മുസ്ലിമിന്റെ ജീവിതത്തിലെ ഓരോ ദിവസവും പിതാക്കന്മാരുടെയും അമ്മമാരുടെയും ദിവസങ്ങളാണ് എന്ന ബോധ്യമാണ് ഉണ്ടാകേണ്ടത്.

നമ്മൾ ജന്മദിനങ്ങൾ ആഘോഷിക്കരുത്, കാരണം നമ്മേക്കാൾ മികച്ചവർ അങ്ങനെ ചെയ്തിട്ടില്ല, ബർത്ത്ഡേ ആഘോഷങ്ങളുടെ ഉത്ഭവം കുഫാറുകളിൽ നിന്നായിരുന്നു.

ക്രിസ്മസ് ദിനത്തിൽ അവർ ചെയ്യുന്നതുപോലെ നമ്മൾ അവരുടെ ആഘോഷദിനങ്ങൾ അലങ്കരിക്കരുത്, ഹാലോവീനിൽ അവർ കാണിക്കുന്ന കോപ്രായങ്ങളെ നമ്മൾ ഏറ്റെടുക്കരുത്. ക്രിസ്മസ് സീസണിൽ ക്രിസ്മസ് ട്രീയോ സീസണൽ ലൈറ്റുകളോ ഉപയോഗിച്ച് വീടുകൾ അലങ്കരിക്കുന്നവർക്കും ഇത് ബാധകമാണ്, അവർ അവരുടെ ഉദ്ദേശ്യം മറ്റുവിധത്തിൽ ആയിരുന്നുവെന്ന് അവകാശപ്പെട്ടാലും ശരി...

ഇപ്പോൾ നാം ഉണർന്ന് ഒരു നിലപാട് സ്വീകരിക്കുന്നില്ലെങ്കിൽ, ഇസ്ലാമിന്റെ പേര് മാത്രം അറിയുന്ന ഒരു പ്രതീക്ഷയില്ലാത്ത തലമുറയെ നമ്മൾ കാണേണ്ടി വരും.
അവിശ്വാസികളുടെ ആഘോഷങ്ങളിൽ സന്തോഷിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത് വഴി അത് ഇസ്ലാമിക വിശ്വാസത്തിൽ

ബാധിച്ച ഒരു ക്യാൻസർ കണക്കെ വ്യാപിക്കുകയും അത് നമ്മെ നശിപ്പിക്കുകയും ചെയ്യും. നമ്മുടെ സ്വത്വവും അന്തസ്സും തകർക്കുന്നത് വരെ അത് അവസാനിക്കുകയുമില്ല. മോശപ്പെട്ടവയിൽ ഏറ്റവും മോശമാണവ. അത് നമ്മെ അല്ലാഹുവിന്റെ ശാപത്തിനും കോപത്തിനും വിധേയമാക്കും....

ചുറ്റുപാടുകളുടെ സമ്മർദ്ദത്തെയും പൊതുബോധത്തെയും തൃപ്തിപ്പെടുത്തുന്നതിനോ പടിഞ്ഞാറിനെ ബോധിപ്പിക്കുന്നതിനോ ബഹുസ്വരതയെ ഉറപ്പിക്കാനെന്ന പേരിലോ ഇസ്ലാമിൽ വെള്ളം ചേർക്കുന്നതും ഒഴികഴിവുകളും യുക്തിയും ന്യായങ്ങളും ചമച്ചു കൊണ്ട് ഒഴുക്കിനൊപ്പം നീങ്ങുന്നതും ശരിയായ നിലപാടല്ല. അല്ലാഹുവിൽ നിന്നും അവന്റെ ദൂതനിൽ നിന്നും ലഭിച്ച കൽപ്പനകൾ പാലിക്കുകയും അതിനെ പൂർണ്ണമായും ഉൾക്കൊള്ളുകയും ചെയ്യുക എന്നത് ഈ ജീവിതത്തിൽ നമ്മുടെ ഒരേയൊരു ബാധ്യതയാണ്.

അല്ലാഹു ഇക്കാര്യം ഖുർആനിൽ വ്യക്തമാക്കുന്നു :

> "അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു. [Al-Ahzab 33:36]

അല്ലാഹു വീണ്ടും പറയുന്നു :

" ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല. [An-Nisa' 4:65]

അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും കൽപ്പനകൾ പൂർണ്ണമായും സന്തോഷത്തോടെയും ഉദ്ദേശപൂർവ്വം സ്വീകരിക്കുന്നവരിൽ നമ്മെ അല്ലാഹു ഉൾപ്പെടുത്തട്ടെ. അല്ലാഹു നിന്ദിച്ച കപടവിശ്വാസികളുടെ സ്വഭാവത്തിൽ നിന്ന് അല്ലാഹു നമ്മെ തടയുകയും ചെയ്യട്ടെ...!

അല്ലാഹു അവതരിപ്പിച്ചതിലേക്കും (അവന്റെ) ദൂതനിലേക്കും
നിങ്ങൾ വരൂ എന്ന് അവരോട് പറയപ്പെട്ടാൽ
ആ കപടവിശ്വാസികൾ നിന്നെ വിട്ട്
പാടെ പിന്തിരിഞ്ഞ് പോകുന്നത് നിനക്ക് കാണാം.
[An-Nisa' 4:61]

-------------------- - |||||||||| ---------------------
